


ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ

# ജ്വാല 2024

പാനായിക്കുളം

# ഡിജിറ്റൽ   മാഗസിൻ

## തയ്യാറാക്കിയത് :

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

## യൂണിറ്റ് നമ്പർ :

# LK/2023/25105

## ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ

## പാനായികുളം



# പത്രാധിപ സമിതി

പ്രിൻസിപ്പൽ : സി. റോസിന

ചീഫ് എഡിറ്റർ : ജെഫ്ന

സ്റ്റാഫ് എഡിറ്റർ : ബ്രിജിറ്റ് ഫെലിക്സ്

ക്രിസറ്റ കെ എ

സ്റ്റുഡൻറ്റ് എഡിറ്റർ : മുഹമ്മദ് ബിലാൽ

ലിസി മരിയ

ഹയ വിഎൻ

ജോഹാൻ ബാബു

ഫാത്തിമ നൗറീൻ

അതുൽ മനോജ്

ദിയ റോസ്

ഫാത്തിമ നസ്രിൻ

ഡെൽന

കവർ പേജ് : ജോഹാൻ ബാബു

# എഡിറ്റോറിയൽ ബോർഡ്



# ലിറ്റിൽ കൈറ്റ് അങ്കങ്ങൾ

| | |
|---|---|
| മുഹമ്മദ് ബിലാൽ | ഷാരോൺ സിംസൺ |
| മുഹമ്മദ് ഗാസി | മുഹമ്മദ് ഹസ്സൻ |
| അതുൽ മനോജ് | മുഹമ്മദ് ഹുസൈൻ |
| ഫാത്തിമ നൗറിൻ | അനീന ജോഷി |
| ഹയ വി. എൻ | എൻജലീന |
| ദിയ റോസ് യേശുദാസ് | അമേയ അനൂപ് |
| ഡെൽന | നസ്രിൻ കെ. കെ |
| ജോഹാൻ ടി ബാബു | ആർച്ച കെ ശിവൻ |
| സിമൽ സെൻ | ആൻഡ്രിയ ജസ്റ്റിൻ |
| മുഹമ്മദ് ഇഹ്സാൻ | മുഹമ്മദ് അനസ് |
| വിഷ്ണു എ. എസ് | മുഹമ്മദ് ഫസൽ |
| മുഹമ്മദ് ഖൈസ് ടി. സ് | ജിയോ അലൻ |
| അനഘ | ലിസി മരിയ |
| ഋതുനന്ദ | ശ്രീഭദ്ര |
| ശ്രീലക്ഷ്മി | മുഹമ്മദ് ശിഫാൻ |


LIFESTYLE



| | |
|---|---|
| 1. | സന്ദേശം |
| 2. | മംഗളപത്രം |
| 3. | നല്ല പാഠം പ്രവർത്തനങ്ങൾ |
| 4. | കുഞ്ഞുണ്ണി മാഷ് |
| 5. | ലിറ്റിൽ കൈറ്റ്സ് |
| 6. | എന്റെ വിദ്യാലയം |
| 7. | അതിജീവനം |
| 8. | ചിലങ്ക |
| 9. | അമ്മയെന്ന പുണ്യമേ |
| 10. | ഒരു ദേശത്തിന്റെ കഥ |
| 11. | വേണ്ടത് വന്നില |
| 12. | എന്റെ ബാല്യം |
| 13. | രാത്രിമഴ |
| 14. | ചൂടിനെ പ്രണയിച്ച വേനൽമഴ എന്ന ഓർമ്മ |

| | |
|---|---|
| 15. | രാത്രിയുടെ ആശ്വാസം |
| 16. | ഹിരോഷിമ |
| 17. | കൂടപ്പിറപ്പ് |
| 18. | ഇന്ത്യ എന്റെ രാജ്യം |
| 19. | ആലായാൽ തറ വേണം |
| 20. | അഗ്നി |
| 21. | എന്റെ കവിത |
| 22. | കിട്ടുന്നതിൽ പാതി |
| 23. | റോബോട്ട് |
| 24. | ഐകമത്യം മഹാബലം |
| 25. | കഠിനാദ്ധ്വാനത്തിന്റെ ഫലം |
| 26. | അക്ബർ ചക്രവർത്തിയുടെ സ്വപ്നം - ബീർബൽ കഥ |
| 27. | കടങ്കഥകൾ |
| 28. | ലഹരി മരുന്നിന് അടിമപ്പെട്ടുവോ? |

| | |
|---|---|
| 29. | തലമുറ വിടവ്- പഴയ തലമുറയും പുതിയ തലമുറയും |
| 30. | ഡിജിറ്റൽ പെയിന്റിങ്ങുകൾ |
| 31. | സ്കൂൾ ഉത്സവങ്ങൾ |
| 32. | സ്കൂൾ നേട്ടങ്ങൾ |
| | |

# സന്ദേശം

ലോകത്തിന്റെ വിവരസാന്കേതിക വിദ്യയുടെ വളർച്ചയിൽ
നമ്മുടെ കുട്ടികളും ഭാഗഭാക്കുകളാകുവാൻ , അപകർഷതാബോധം
തെല്ലുമില്ലാതെ ഉയർന്ന വിദ്യാഭ്യാസ മേഖലകളിൽ
മറ്റുള്ളവർക്കൊപ്പം നിൽക്കാൻ ആവശ്യമായ ശേഷികൾ
നേടുവാൻ, ലിറ്റിൽ കൈകൈറ്റ്സ് അംഗങ്ങൾ ചെയ്തുവരുന്ന
പ്രവർത്തനങ്ങളുടെ ഭാഗമായി രൂപം കൊണ്ട ഈ ഡിജിറ്റൽ
മാഗസിൻ അനാവരണം ചെയ്യുന്നതിൽ ഞാൻ അഭിമാനിച്ച്
കൊള്ളുന്നു. കുട്ടികളുടെ ക്രിയാത്മകമായ കഴിവുകളും മേന്മയും
വെളിപ്പെടാൻ ഇതുപകരിക്കും എന്ന് എനിക്കുറപ്പുണ്ട് .
കുട്ടികളുടെ ക്രിയാത്മകമായ കഴിവുകളും മേന്മയും വെളിപ്പെടാൻ
ഇതുപകരിക്കും  എന്ന് എനിക്കുറപ്പുണ്ട്. കുട്ടികളുടെ
ക്രിയാത്മകമായ കഴിവുകളും മേന്മയും വെളിപ്പെടാൻ
ഇതുപകരിക്കും എന്ന് എനിക്കുറപ്പുണ്ട് .കുട്ടികളുടെ നന്മയും
ഒത്തൊരുമയും സർഗത്മകതയും അവരുടെ അക്ഷരങ്ങളിലൂടെയും
മൊഴികളിലൂടെയും  വെളിപ്പെടുന്നു. ഈ മാഗസിൻ പൂര്ണതയില്
എത്തിക്കാൻ പരിശ്രമിച്ച എല്ലാ കുട്ടികൾക്കും നേതൃത്വം
കൊടുത്ത അധ്യാപകർക്കും എന്റെ ഹൃദയം നിറന്ന ആശംസകൾ
എന്ന്

**ഹെഡ് മിസ്ട്രസ്സ്**

# മംഗള പത്രം

പണയിക്കുളമെന്ന നാടിതിൽ ഗ്യാദി കേട്ടോ
രരിയ പുണ്ണ്യമല്ലോ ലിറ്റിൽ ഫ്ലവർ എൻ വിദ്യാലയം
എത്ര്യയോ മഹത്ത്തുക്കൾക്കറിവിൻ അമ്രേതേകി
എത്ര്യയോ കാതം മുന്നോട്ടൊഴുകി മഹാനദി
ഈ മഹാനദിക്കേറെ നേട്ടങ്ങൾ പറയാനുറങ്ങറ്റവു
പുതുതണ്ണി ശ്രേഷ്മാം ലിറ്റൽ കൈറ്റ്സ്
അറിവുമം ആനന്ദവും ഡിജിറ്റൽ വിദ്യാലേ
ബ്രഹത്തായി ചമക്കുന്ന കുഞ്ഞുങ്ങൾ മിടുക്കന്മാർ
ലോകവിരല്ത്തുമ്പില് തിരിയാൻ വലുതാകാൻ
ഇനിയും വളരേണം ഈശ്വരൻ തുണവേണം
വളരാൻ വലുതാകാൻ പാട്ടമായ് പറന്നിടാൻ
മംഗളം നേർന്നിടുന്നു നന്മകൾ നേർന്നിടുന്നു

എന്ന്,

സിന്ധു ടീച്ചർ

നല്ല പാഠം കോർഡിനേറ്റർ



# <u>നല്ല പാഠം പ്രവർത്തനങ്ങൾ</u>



മലയാള മനോരമ

മലയാള മനോരമ നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി ആലുവ അൻവർ മെമ്മോറിയൽ പെയിൻ ആൻഡ് പാലിയേറ്റിവ് കെയർ ക്ലിനിക്കിലെ അന്തേവാസികൾക്കു നൽകാനുള്ള സഹായങ്ങളുമായി പാനായിക്കുളം ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ റെഡ്ക്രോസ് വിദ്യാർഥികളും അധ്യാപകരും

## കാരുണ്യ സ്പർശമായി നല്ലപാഠം വിദ്യാർഥികൾ

ആലങ്ങാട് ● പാനായിക്കുളം ലിറ്റിൽ ഫ്ലവർ ഹൈസ്കൂളിലെ നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി റെഡ്ക്രോസ് വിദ്യാർഥികളും അധ്യാപകരും ചേർന്ന് ആലുവ അൻവർ മെമ്മോറിയൽ പെയിൻ ആൻഡ് പാലിയേറ്റിവ് കെയർ ക്ലിനിക് സന്ദർശിച്ചു. മലയാള മനോരമ നല്ലപാഠം പദ്ധതിയുടെ ഭാഗമായാണ് പരിപാടി.

കാൻസർ ബാധിതരായ കിടപ്പു രോഗികൾക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങളും വസ്ത്രങ്ങളും വിദ്യാർഥികൾ ശേഖരിച്ചു വിതരണം ചെയ്തു. കൂടാതെ വിദ്യാർഥികൾ സമാഹരിച്ച ധനസഹായവും കൈമാറി.

നല്ലപാഠം കോഓർഡിനേറ്റർമാരായ പി.എ.സിന്ധു, ദീപ വർഗീസ്, റെഡ്ക്രോസ് ആനിമേറ്റർമാരായ മേരി ലവ്‌ലി, ബ്ലെയ്സ് സെലിൻ, പ്രധാനാധ്യാപിക സിസ്റ്റർ റൊസീന എന്നിവർ നേതൃത്വം നൽകി.

മലയാള മനോരമ

## സഹപാഠിക്ക് കരുതലായി നല്ലപാഠം വിദ്യാർഥികൾ

നല്ല പാഠം കുട്ടികൾ രചിക്കുന്ന കേരളം

ആലങ്ങാട് ● രോഗബാധിതനായി ചികിത്സയിൽ കഴിയുന്ന കുരുന്നു സഹപാഠിയെ സഹായിക്കാൻ ബിരിയാണി ചാലഞ്ച് സംഘടിപ്പിച്ചു പാനായിക്കുളം ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ നല്ലപാഠം വിദ്യാർഥികൾ. മലയാള മനോരമ നല്ലപാഠം പദ്ധതിയുടെ ഭാഗമായാണു വിദ്യാർഥികളും അധ്യാപകരും ചേർന്നു ചാലഞ്ച് സംഘടിപ്പിച്ചത്.

സഹപാഠിക്കു വേണ്ടി ഓണാഘോഷങ്ങളെല്ലാം ചെറിയ കലാപരിപാടികളിൽ മാത്രമായി ഒതുക്കിയാണ് എല്ലാവരും ബിരിയാണി ചാലഞ്ചിൽ പങ്കാളികളായത്. രക്ഷിതാക്കളും പിടിഎ ഭാരവാഹികളും ഇതിൽ പങ്കു ചേർന്നു. കാൻസർ ബാധിച്ചതിനെ തുടർന്ന് ആറാം ക്ലാസ് വിദ്യാർഥിയായ അലൻ റോയിയുടെ ഒരു കാൽ മുറിച്ചു നീക്കിയിരുന്നു. കൃത്രിമക്കാൽ വച്ചു പിടിപ്പിക്കുന്നതിന് 5 ലക്ഷം ...

ചികിത്സയിൽ കഴിയുന്ന കുരുന്നു സഹപാഠിയെ സഹായിക്കാൻ പാനായിക്കുളം ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ നല്ലപാഠം വിദ്യാർഥികൾ ബിരിയാണി ചാലഞ്ച് ഒരുക്കിയപ്പോൾ.

...ണി ചാലഞ്ച് നടത്തിയത്. ചാലഞ്ച് വഴി സമാഹരിച്ച ഒരു ലക്ഷം രൂപ വിദ്യാർഥിയുടെ കുടുംബത്തിനു കൈമാറി.

പ്രധാനാധ്യാപിക സിസ്റ്റർ റൊസീന, നല്ലപാഠം കോഓർഡിനേറ്റർമാരായ പി.എ.സിന്ധു, ദീപ വർഗീസ്, പിടിഎ പ്രസിഡന്റ് ...

മലയാള മനോരമ

## ട്രാഫിക് ബോധവൽക്കരണവുമായി നല്ലപാഠം വിദ്യാർഥികൾ

നല്ല പാഠം കുട്ടികൾ രചിക്കുന്ന കേരളം

ട്രാഫിക് ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി പാനായിക്കുളം ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ നല്ലപാഠം വിദ്യാർഥികളും അധ്യാപകരും ഒത്തു കൂടിയപ്പോൾ.

മലയാള മനോരമ

## വീടു നിർമിക്കാൻ സഹായം നൽകി നല്ലപാഠം വിദ്യാർഥികൾ

ആലങ്ങാട് ● പാനായിക്കുളം ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ നല്ലപാഠം വിദ്യാർഥികളുടെയും കെഎസ്ടിഎ അധ്യാപക സംഘടനയുടെയും നേതൃത്വത്തിൽ നിർധന കുടുംബത്തിനു വീടു നിർമിച്ചു നൽകുന്ന പ്രവർത്തനങ്ങൾക്കു തുടക്കമായി. ...

നിർധന കുടുംബത്തിനു വീടു നിർമിച്ചു നൽകാനായി പാനായിക്കുളം ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ നല്ലപാഠം വിദ്യാർഥികൾ ചേർന്നു സമാ...തുക പ്രധാനാധ്യാപിക സിസ്റ്റർ റൊസീനയുടെ നേതൃത്വ...കെഎസ്ടിഎ അധ്യാപക സംഘടന ഭാരവാഹികൾക്കു ...ുന്നു.

മലയാള മനോരമ

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം നാടൻ പാട്ട് മത്സരത്തിൽ എ ഗ്രേഡ് കരസ്ഥമാക്കിയ പാനായിക്കുളം ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ വിദ്യാർഥികൾ.

മലയാള മനോരമ

## പരിസ്ഥിതി സംരക്ഷിക്കാൻ നല്ലപാഠം വിദ്യാർഥികൾ

## പാനായിക്കുളം ലിറ്റിൽ ഫ്ലവർ സ്കൂൾ വാർഷികം

മലയാള മനോരമ

വലിയ ഒരു ലോകം
മുഴുവൻ നന്നാവാൻ
ചെറിയ ഒരു സൂത്രം
ചെവിയിൽ ഓതാം ഞാൻ
സ്വയം നന്നാവുക

**-കുഞ്ഞുണ്ണി മാഷ്**



# ലിറ്റിൽ കൈറ്റ്സ്

ലക്ഷത്തിലധികം വിദ്യാർത്ഥി അംഗങ്ങളെ ഉൾക്കൊള്ളുന്ന കൈറ്റിൻ്റെ ഒരു അതുല്യ സംരംഭമാണ് 'ലിറ്റിൽ കൈറ്റ്സ്' ഐടി ക്ലബ്ബുകൾ. സംസ്ഥാന സർക്കാരിൻ്റെ പൊതുവിദ്യാഭ്യാസ നവോത്ഥാന മിഷൻ്റെ ഭാഗമായുള്ള ഹൈസ്കൂൾ കുട്ടിക്കൂട്ടം പരിപാടിയിൽ ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കംപ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് തുടങ്ങിയ 5 മേഖലകളിൽ വിദ്യാർത്ഥികൾക്ക് തീവ്രപരിശീലനം നൽകി ഘടനാപരമായി നവീകരിച്ചു. സ്റ്റുഡൻ്റ് പോലീസ് കേഡറ്റ് മാതൃക, അങ്ങനെ 'ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ' ആയി. ലിറ്റിൽ കൈറ്റ്സ് രാജ്യത്തെ ഏറ്റവും വലിയ വിദ്യാർത്ഥി ഐടി നെറ്റ്‌വർക്കായി മാറാൻ ഒരുങ്ങുന്നു. ബഹു. മുഖ്യമന്ത്രി ശ്രീ. 2018 ജനുവരി 22 ന് തിരുവനന്തപുരത്ത് പിണറായി വിജയനാണ് ഈ അതുല്യമായ സംരംഭത്തിന് തുടക്കം കുറിച്ചത്. ഇതിനകം കണ്ടെത്തിയ 5 പ്രധാന മേഖലകൾക്ക് പുറമേ, 'ലിറ്റിൽ കൈറ്റുകളുടെ' പ്രവർത്തന പൂച്ചെണ്ടിലേക്ക് മൊബൈൽ ആപ്ലിക്കേഷനുകളുടെ വികസനം, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, ഇ-കൊമേഴ്സ്, ഇ-ഗവേണൻസ്, വീഡിയോ ഡോക്യുമെൻ്റേഷൻ, വെബ് ടിവി തുടങ്ങിയ കൂടുതൽ വിഷയങ്ങൾ ചേർത്തിട്ടുണ്ട്

ഇൻഫർമേഷൻ ആൻ്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജീസിൽ (ഐസിടി) വിദ്യാർത്ഥികളുടെ താൽപ്പര്യം വികസിപ്പിക്കുന്നതിനും സാങ്കേതികവിദ്യയുടെ ഉചിതമായ ഉപയോഗത്തിന് ഒരു സംസ്കാരം സൃഷ്ടിക്കുന്നതിനും.

ICT ടൂളുകളുടെ വ്യത്യസ്ത മാനങ്ങൾ പഠിക്കാനും അവരുടെ പഠന പ്രവർത്തനങ്ങളിൽ അവ ഉപയോഗിക്കാനും വിദ്യാർത്ഥികളെ സഹായിക്കുന്നതിന്.

സ്കൂളുകളിലെ ICT ഉപകരണങ്ങളുടെ ഉപയോഗത്തിലും പരിപാലനത്തിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക, അതുവഴി ICT പ്രാപ്തമാക്കിയ പഠനത്തിൽ ഉടമസ്ഥതയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

IoT, AI, റോബോട്ടിക്സ്, 3D ആനിമേഷൻ, മൾട്ടിമീഡിയ, ഭാഷാ കമ്പ്യൂട്ടിംഗ്, ഇലക്ട്രോണിക്സ്, മൊബൈൽ ആപ്പ് ഡെവലപ്മെൻ്റ് തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളിലേക്ക് വിദ്യാർത്ഥികളെ പരിചയപ്പെടുത്തുക.

സുരക്ഷിതമായ ഇൻ്റർനെറ്റ് ഉപയോഗത്തെക്കുറിച്ചും സൈബർ സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളുടെ ധാരണ സമ്പുഷ്ടമാക്കുന്നതിനും ഭാഷാ കമ്പ്യൂട്ടിംഗിൻ്റെ പ്രാധാന്യം വളർത്തുന്നതിനും

# എന്റെ വിദ്യാലയം

എന്റെ വിദ്യാലയം........
എന്നെ ഞാനാക്കിയാ വേദി
എന്റെ ഉള്ളിലെ കഴിവുകൾ
തിരിച്ചറിഞ്ഞ ലോകം

വിഷമം വരുമ്പോൾ  കൂടെ കരയാനും ,
സന്തോഷനിമിഷങ്ങളി

കൈപിടിച്ചു നടക്കാനും ......
എന്റെ വിദ്യാലയം എനിക്ക്
എന്റെ സുഹൃത്തുക്കളെ തന്നു
ആ ബന്ധത്തിന്റെ കാഠിന്യം അറിഞ്ഞ

വഴികൾ ........

മരങ്ങൾ .......പൂക്കൾ .......

അരുവികൾ ..... ആടിയും പാടിയും
കൂട്ടുകൂടിയും ഒരു പുതിയ ലോകം

ഞാൻ ഉണ്ടക്കിതീർത്ത .....

എന്റെ വിദ്യാലയം ......

എൻജലീന
IX C

# അതിജീവനം.

സ്വപ്നങ്ങൾ താഴിട്ടു പൂട്ടിയ കാലത്ത് മച്ചിലേക്ക് വെറുതെ നോക്കി കിടക്കുമ്പോൾ ഓർമ്മവന്നത് നിറപ്പകിട്ടുള്ള പഴയ കാലമാണ്. രേണുവും മക്കളും താനും ഒന്നിച്ചുണ്ടായിരുന്ന ആ നല്ല കാലം ........... മക്കളുടെ കളിചിരികളും കൊഞ്ചലുകളും തങ്ങിനിന്ന പഴയവീട് ....... രേണുവിന്റെ പരാതികൾക്കും പരിഭവങ്ങൾക്കും ഒരു തമാശയിൽ മറുപടി പറഞ്ഞ് ക്യാമറയുമായി ഓടിപ്പാഞ്ഞു നടന്ന കാലം ....!. ഒന്നു നിവർന്നു നിൽക്കാൻ പോലും നേരമില്ലാത്തത്ര തിരക്ക് ......! ഫോട്ടോഗ്രാഫി സംസ്ഥാന അവാർഡ് ലഭിച്ചതിൽ പിന്നെ എല്ലായിടത്തും നിന്നും വിളികളാണ് . പത്രക്കാർക്കും മാഗസിൻ കാർക്കും ഫോട്ടോഗ്രാഫർ നന്ദഗോപനെ മാത്രം മതി . പഴയ കല്യാണ ആൽബങ്ങളുടെ ഗ്രൂപ്പിൽ നിന്നും പിരിഞ്ഞു പോരാൻ തോന്നുന്നുമില്ല .എത്രയോ കല്യാണങ്ങളുടെ ആൽബങ്ങൾക്കാണ് താൻ ജീവൻ പകർന്നിട്ടുള്ളത് . അത്തരം ഒരു കല്യാണ വീട്ടിൽ വച്ചാണല്ലോ രേണുവിന്റെ മുഖവും തന്റെ ക്യാമറക്കണ്ണിൽ പതിഞ്ഞത് ...... മനസ്സിന്റെ ക്യാമറക്കണ്ണിൽ ......! പ്രശസ്തരായ ഡോക്ടർ ദമ്പതികളുടെ ഒരേയൊരു മകളെ സ്വപ്നം കാണാൻ ഉള്ള ഒരു യോഗ്യതയും തനിക്കില്ലായിരുന്നല്ലോ.....!ദാരിദ്ര്യം തൊട്ടുതലോടിയ പൊളിഞ്ഞു വീഴാറായ ഓടിട്ട വീട്ടിലെ ഒരു കൂലിപ്പണിക്കാരന്റെ മകന് അതിനെന്തു യോഗ്യത !
എന്നിട്ടും മനസ്സിനെ പിടിച്ചു കെട്ടാനായില്ല. ഒരു പൂത്തുമ്പിയെപ്പോലെ തന്റെ മനസ്സ് എപ്പോഴും രേണുവിനു ചുറ്റും പാറി പ്പറന്നു നടന്നു. ഒടുവിൽ ഒരു ദിവസം അവളുടെ കോളേജ് ഗേറ്റിനരികിൽ വച്ച് തന്റെ ഇഷ്ടം അവളോട് തുറന്നു പറയുമ്പോൾ

അത് കേൾക്കാൻ കൊതിച്ചതു പോലെ അവൾ നിന്നത് ഇന്നുമോർക്കുന്നു.

മാസങ്ങൾക്ക് ശേഷം......

മാതാപിതാക്കളെ ധിക്കരിച്ച്, വെറുമൊരു കല്യാണ ഫോട്ടോഗ്രാഫറായ തന്റെ കൈ പിടിച്ച് തന്റെ പഴയ വീട്ടിലേക്ക് അവൾ വലതു കാൽ വച്ച് കയറുമ്പോൾ കൂടെ ഐശ്വര്യവും കയറുകയായിരുന്നു.....

നിന്നു തിരിയാൻ നേരമില്ലാത്തത്ര തിരക്ക് പിടിച്ച ദിനങ്ങൾ..... ഓടി നടന്ന് കല്യാണ വീഡിയോകളും ആൽബങ്ങളും ചെയ്യുമ്പോൾ രേണുവും സന്തോഷിച്ചു.

ഓടിട്ട ആ പഴയ വീട്ടിൽ നിന്ന് നഗരത്തിലെ ഏറ്റവും വില കൂടിയ വില്ലയിലേക്ക് ചേക്കേറുമ്പോഴേക്കും ദാമ്പത്യവല്ലരിയിൽ രണ്ടു സുമങ്ങൾ കൂടി വിരിഞ്ഞിരുന്നു ..... ദീപുവും , ദീപയും ....; .രേണുവിനെപ്പോലെ മിടുക്കരായ മക്കൾ .... തന്റെ സൗഭാഗ്യം .

സ്വന്തമായി പല നഗരങ്ങളിലും സ്റ്റുഡിയോകളും വില കൂടിയ കാറുകളും ആഡംബരങ്ങളും .....

എല്ലാം കൈവന്നപ്പോഴും രേണുവും താനും പഴയ തൊന്നും മറന്നില്ല. അവാർഡുകളും അംഗീകാരങ്ങളുമൊന്നുംതന്നെ ഭ്രമിപ്പിച്ചുമില്ല. തനിക്കു കിട്ടുന്ന ഓരോ അംഗീകാരങ്ങളും രേണു ഭഗവാന് സമർപ്പിച്ചു. ഒരു പരാതിയേ അവൾക്കുണ്ടായിരുന്നുള്ളൂ...... അവളോടൊപ്പം പഴയതു പോലെ മുട്ടിയുരുമ്മി ഇരിക്കാൻ സാധിക്കുന്നില്ലല്ലോ എന്ന് ... ; അതിപ്പോൾ തീർന്നിട്ടുണ്ട്. ഈ ലോക്ക് ഡൗൺ കാലവും ക്വാറന്റീനും രേണുവിന്റെ പ്രാർത്ഥനയ്ക്ക് ദൈവം കൊടുത്ത ഉത്തരമാണെന്നു തോന്നുന്നു........

കഴിഞ്ഞ സിംഗപ്പൂർ ട്രിപ്പ് കാരണമാണല്ലോ തനിക്കും ക്വാറന്റീനിൽ കഴിയേണ്ടി വന്നത്......!
ഇപ്പോൾ മൂന്നു മാസം പിന്നിട്ടിരിക്കുന്നു .... ഈ ലോക്ക് ഡൗൺ തുടങ്ങിയിട്ട് ;
സ്റ്റുഡിയോകൾ എല്ലാം പൂട്ടിക്കിടക്കുകയാണ്. ക്യാമറകളും ലെൻസുമെല്ലാം പൂപ്പൽ കയറി കേടായി തുടങ്ങി.
സ്റ്റുഡിയോകളിലെ ജോലിക്കാർ പലരും മുഴപ്പട്ടിണിയിലാണ് ... ; തന്നെ ആശ്രയിച്ച് ജോലി ചെയ്തിരുന്നവർ ....!

വന്ന വഴി മറക്കാൻ സാധിക്കാത്തതു കൊണ്ട് അവരുടെ സങ്കടങ്ങൾ കാണാതിരിക്കാനാകുന്നില്ല. പത്തു നൂറ് ജോലിക്കാരുണ്ടായിരുന്നു തന്റെ കീഴിൽ ....

തന്റെ ബാങ്ക് സെപ്പോസിറ്റുകൾ പിൻവലിച്ച് അവരെ സഹായിക്കണമെന്ന് രേണു തന്നെയാണ് തന്നോട് പറഞ്ഞത്. അതിനിടയിലാണ് അവരിലൊരാൾക്ക് കരൾ രോഗം പിടിപെട്ടത്. തന്റെ അസ്സിസ്റ്റന്റായി എന്നും കൂടെയുണ്ടായിരുന്നവനാണ് ..... - മോഹൻ .! അവന്റെ ഭാര്യയുടെ കരച്ചിലും കുടുംബത്തിന്റെ അവസഥയും കണ്ടപ്പോൾ ഒന്നും ആലോചിച്ചില്ല.
20 ലക്ഷം രൂപ ഒന്നും നോക്കാതെ അവന് കൊടുത്തു. അവന്റെ ഭാര്യയുടെ പാതി കരൾ തുന്നിച്ചേർത്ത് അവനും ജീവിതത്തിലേക്ക് തിരിച്ചു വരുന്നതു കണ്ടപ്പോൾ മനസ്സു നിറഞ്ഞു.....

പക്ഷേ ..... ബാങ്ക് അക്കൗണ്ടുകൾ ഒന്നൊന്നായി 'ക്ലോസ് ' ചെയ്തു കഴിയുമ്പോൾ ഒരു അങ്കലാപ്പ്.....!

കോവിഡ് കാലം കഴിഞ്ഞ് എല്ലാമൊന്ന് പച്ചപിടിച്ചു വരുമ്പോഴേക്കും തന്റെ ക്യാമറകൾ പഴയതു പോലെ പ്രവർത്തിക്കുമോ ..... ആവോ ....?

ഓരോ ക്യാമറയും മൂന്ന ലക്ഷം മുതൽ 18 ലക്ഷം വരെ രൂപാ വിലയുളളതാണ്. ഫംഗസ് പിടിച്ചാൽ പിന്നെ ഒന്നിനും കൊള്ളില്ല . ഇനി അതൊക്കെ നന്നാക്കിയെടുക്കാൻ തന്നെ ലക്ഷങ്ങൾ ചെലവാകും.

അതുവരെയും തന്റെ ജോലിക്കാർ .........?

അവർ പട്ടിണി കിടക്കരുത് .....!

കഴിഞ്ഞ ദിവസം ഗൾഫിൽ നിന്ന് ഒരു കൂട്ടുകാരൻ വിളിച്ചപ്പോഴാണ് " പോത്ത് ഫാം " നല്ല ലാഭമുള്ള ഏർപ്പാടാണെന്ന് അറിയുന്നത്.

രണ്ട് വർഷം മുൻപ് വാങ്ങിച്ചിട്ട ഒരു നാലേക്കർ പറമ്പ് വെറുതെ കിടക്കുകയാണ് ... ; തന്റെ പഴയ വീടിനോട്ടു ചേർന്ന് . പാടവും പറമ്പും ചേർന്നാണ് കിടക്കുന്നത്.

അവിടെ " പോത്തിൻ ഫാം " തുടങ്ങുന്ന കാര്യം കൂട്ടുകാരോട് ആലോചിച്ചു.

അച്ഛൻ കൂടെ നിൽക്കാമെന്നേറ്റു . അച്ഛൻ പണ്ട് ഒരു പാട് പോത്തുകളെ വളർത്തിയതാണല്ലോ ....!

മറ്റൊരു കൂട്ടുകാരൻ വഴി പത്തിരുപത് പോത്തുകളെ കിട്ടിയിട്ടുണ്ട്. നാലു ദിവസം കഴിയുമ്പോൾ തന്റെ ക്വാറന്റീൻ കാലാവധി കഴിയും. അങ്ങനെ പ്രശസ്ത ഫോട്ടോഗ്രാഫർ നന്ദഗോപൻ ഇതാ " പോത്ത് ഫാം " ഉടമയാകാൻ .പോകുന്നു .......; കൂടെ തന്റെ അസ്സിസ്റ്റന്റുമാരും .

അങ്ങനെ ഗ്ലാമറിന്റെ ലോകത്തു നിന്നും മണ്ണും ചെളിയും പുരണ്ട പച്ച മനുഷ്യരായി ഞങ്ങൾ അതിജീവനത്തിലേക്ക് നടന്നടുക്കുന്നു......

അച്ഛൻ കൂടെക്കൂടെ പറയാറുള്ളത് ഓർമ്മ വരുന്നു...."
തോൽക്കരുതെടോ..... ഒരിക്കലും .... തോറ്റു പോയാൽ
തോറ്റിടത്തു നിന്നും തുടങ്ങണം. ജയിച്ചു കയറണം "

ഇല്ല ...... താൻ തോൽക്കില്ല ....
താൻ മാത്രമല്ല ...., ആരും .....!
.... അല്ലെങ്കിലും തോല്ക്കാനുള്ളതല്ലല്ലോ ഈ ജീവിതം .....! !



*സിന്ധു ടീച്ചർ*
*നല്ല പാഠം കോർഡിനേറ്റർ*

# ചിലങ്ക

നല്ലൊരു ഞാറാഴ്ച്ചയായി രുന്നു കുറെയായി ബസ് യാത്ര മീനുവിന് പഴയവീട്



കാണണമെന്നൊകാണണമെന്നൊരാഗ്രഹം.അവൾ കുട്ടിയല്ലേ ആഗ്രഹങ്ങൾ പലതുമുണ്ടാകും. നടത്തികൊണ്ടുക്കാ- തിരിക്കാൻ പറ്റില്ലല്ലോ..

"സ്ഥലമെത്തി" കണ്ടക്ടർ വിളിച്ചു പറഞ്ഞു:
ബസിറങ്ങി തവാട്ടിലേക് നടന്നു. ആ തറവാടിന് ചെറിയ മറ്റമേ വന്നിട്ടുള്ളൂ. മീനും ഞാനും വീട് വൃത്തിയാക്കാൻ തുടങ്ങി. അന്നേരം പഴയ അരങ്ങേറ്റത്തിൻ്റെ ഫോട്ടൊ കിട്ടി. ഏന്തോ ഓർമ്മ തിരിച്ചകിട്ടിയ ഒരനുഭൂതി. പിന്നിട് ഞാൻ പഴയ ശേഖരണ മുറിയിലേക്ക് നടന്നു. കിട്ടി, ചിലങ്ക കിട്ടി. ഇപ്പോൾ അമ്മയെ കിട്ടിയ ഒരനുഭൂതി. പല ഒർമ്മകളും മിന്നി മറഞ്ഞു..
ഞാൻ മൂടിമറിഞ്ഞ ഓർമ്മക്കള ഉണർത്തി മനസ്സിൽ ആഗ്രഹിച്ചതും ആഗ്രഹിക്കതത്തുമായ കാര്യങ്ങൾ മിന്നി മറിഞ്ഞു.
അന്നെന്നിക്ക് 18 വയസ്സ് പല സ്വപ്നങ്ങളും വെട്ടിമുറിച്ച് കഴുത്തിൽ ചങ്ങലക്കെട്ടിയ ആ ദിവസം. സ്വപ്നങ്ങളെ ഉണർത്താൻ നോക്കി അന്ന് ചിലങ്ക എൻ്റെ ജീവിതത്തിൽ നിന്ന് വലിച്ചെറിഞ്ഞു അയാൾ.

അനുഭവിക്കാൻ ആഗ്രഹമുള്ള ആ സ്ഥാനം കലാമണ്ഡലം. ഞാനും ആഗ്രഹിച്ചു പക്ഷെ എന്നിക്ക് അത് അനുഭവിക്കാനുള്ള ഭാഗ്യ മില്ല.

കലയെ ഇഷ്ടമല്ല ആ വിദ്വാവാന് എന്നാൽ സ്വന്തമായി ഒന്നും പഠിച്ചിട്ടുമില്ല.. ഒരു ജോലിയുമില്ല. ദാരിദ്രത്തിൻ്റെ പാതി പാതയില്ലെത്തിയപ്പോൾ അദ്ദേഹം പുതിയൊരു ശീലം പഠിച്ചു.സുഹത്ത് പഠിപ്പിച്ചു മദ്യപാനം.പിന്നെ കണ്ടിട്ടില്ല."

ഞാൻ മിന്നുവിന്നൊട് പഴയ ഒർമ്മകൾ പങ്കുവച്ചു.കണ്ണുക്കൾ തുടച്ചു ജോലി തുടർന്നു.രാത്രി അവളെന്റെയടുത്ത് വീണ്ടും ചിലങ്ക അണിഞ്ഞു കൂടെ എന്ന് ചോദിച്ചു. ആലോച്ചിച്ചു. പിറ്റെ ദിവസം രാവിലെ കാര്യം സമ്മതിച്ചു. അവൾക്കും സന്തോഷമായി എന്നിക്കും സന്തോഷമായി.

അങ്ങനെ പഴയ അറിവുകൾ തിരിച്ചാവാഹിച്ചു. അങ്ങനെ 49-ാം വായസ്സിൽ കലാമംണ്ഡലം

**ഋതുനന്ദ**
**IX B**

# അമ്മയെന്ന പുണ്യമേ..,

അമ്മയെ കണ്ടോ കുട്ടരേ..,
നിങ്ങളെന്റെമ്മയെ കണ്ടോ?
കണ്ടതില്ലെവിടെയും ഞാൻ
തിരഞ്ഞു പോയെന്റമ്മയെ..
അരളി  പൂത്ത തൊടിയിലും,
അരണ പാഞ്ഞ വഴിയിലും
പുഴ മെലിഞ്ഞ കടവിലും
അങ്ങകലെയമ്മ വീട്ടിലും
തേടിയിന്നു പോയി ഞാൻ
ആശയോടെന്റമ്മയെ
കണ്ടതില്ലയെവിടെയും
എന്റെ മാത്രം അമ്മയേ..,
അമ്പിളിക്ക നൽകിടാത-
ന്നമ്മ തന്ന ചോറിനും
ഉണ്ണിയെ ഉറക്കുവാൻ
അന്നോതി തന്ന പാട്ടിനും
കണ്ണു വെച്ച കാലവും
കുശുമ്പ് കാട്ടി തിങ്കളും
കണ്ണുചിമ്മി നോക്കിയോ-
പുഞ്ചിരിച്ച താരകം..,
അച്ഛൻ പോയ  വഴിയിലോ
അന്നേകയായൊരമ്മ്യേ
തനിച്ചുവിട്ടു പോയി ഞാൻ
തൊഴിലുതേടിയകലെയും



അഗതി മന്ദിരത്തിലേ
അകത്തളത്തിലമ്മയും
ആശയറ്റ മനവുമായ്
തപസ്സിരുന്നു തളരവേ..
കനവുപൂത്ത
മിഴികളിൽ
പാട ചൂടി
അമ്മയിൽ
കാഴ്ച്ച മങ്ങി
വീഥിയിൽ
പതിയെ നീങ്ങി
അമ്മയും


അഖിലമുലകിലെങ്ങുമേ
അമ്മയെന്ന പുണ്യമേ..,
നിൻ വാക്കിലുണ്ട്മധുരവും
നോക്കിലുണ്ട് തീർത്ഥവും
അഗതി മന്ദിരത്തലേ..!
പടവു തേടിച്ചെന്നു ഞാൻ
കാലിൽ വീണുതേങ്ങിയും
പാപ മുക്തി തേടിടാൻ..,

**ഫാത്തിമ നൗറിൻ**

**IX A**

# ഒരു ദേശത്തിൻറെ കഥ

എസ് കെ പൊറ്റക്കാടിന്റെ പ്രശസ്തമായ നോവലാണ് ഒരു ദേശത്തിൻറെ കഥ മലയാളം നോവൽ സാഹിത്യ ചരിത്രത്തിൽ



ഇത്രയേറെ വിസ്മയം തീർത്ത നോവൽ വേറെയില്ല ഇത് ആത്മകഥപരമായ ഒരു നോവലാണ് അതിരണിപ്പാടം എന്ന ദേശമാണ് കഥയിൽ ഉള്ളത് ദേശത്തിൻറെ ഇടയ്ക്ക് ആഫ്രിക്കയിലേക്കും യൂറോപ്പിലേക്കും പോകുന്നുണ്ട് രസകരമായ പേരുകളാണ് നോവലിലെ കഥാപാത്രങ്ങൾക്കുള്ളത് കുനൻ വേലു ഞണ്ടു ഗോവിന്ദൻ ഇങ്ങനെ പോകുന്നു കഥാപാത്രങ്ങളുടെ പേരുകൾ ശ്രീധരനാണ് ഈ നോവലിലേക്ക് പ്രധാന കഥാപാത്രം ശ്രീധരന്റെ ജനനം മുതൽക്കുള്ള സംഭവ വികാസങ്ങൾ വർണ്ണിച്ചാണ് നോവൽ ആരംഭിക്കുന്നത് ശ്രീധരന്റെ ശൈശവം മുതൽ മധ്യവയസ്സിലെത്തും വരെ അയാളുമായി സമ്പർക്കം പുലർത്തുന്ന നൂറുകണക്കിന് മനുഷ്യർ ഒരു ദേശത്തിൻറെ കഥയിലെ കഥാപാത്രങ്ങളാണ് ഈ നോവൽ വായിക്കുമ്പോൾ വായനക്കാർ അറിയാതെ അവരുടെ മുന്നിലേക്ക് കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടും പിതാവിൻറെ മരണശേഷം നാടുവിടുന്ന ശ്രീധരൻ അതിരണി പാടത്ത് തിരിച്ചെത്തുമ്പോഴാണ് നോവൽ സമാപിക്കുന്നത് ഒരു ദേശത്തിൻറെ കഥയ്ക്ക് ജ്ഞാനപീഠ പുരസ്കാരവും സാഹിത്യ അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്

**ബെന്നി റിയ പി.എസ്**

**VIII C**

# വേണ്ടത് വന്നില

കണ്ണീരില് അലകള് അലിഞ്ഞു വരും,
നാനാരീതികള് നാനാന്തമാവും,
മഴയില് നിന്നും വന്നില വരും,
ആര്ത്തിക്കരയും ആദ്യവാരം.

മഴയും മനസ്സിലെ പൊറുത്തു,
പൊയ്ക്കുട്ടി മുറിച്ചു വെള്ളം നിറച്ചു,
വിശ്വാസം വീഴ്ത്തിപ്പോവുന്നതിനും,
കരിയില് വാണീടാന് വരും പ്രകടനം.

വായിലും ചിരിക്കും, ഹൃദയവും ആരാഞ്ഞു,
വേണ്ടത് വന്നില, വെള്ളം നന്നായി



**അതുൽ മനോജ്**
**IX A**
\

# എന്റെ ബാല്യം

എല്ലാവരെയും പോലെ നല്ല രസമുള്ളതായിരുന്നു എന്റെ ബാല്യവും. നിറയെ നിറയെ മരങ്ങളും ചെടികളും ഉള്ള തൊടിയിലൂടെയുള്ള കളികളും എല്ലാം എനിക്ക് ഏറെ സന്തോഷമാണ് തന്നിരുന്നത്. ഇതിനായി ഒരുപാട് നല്ല കൂട്ടുകാരും ഉണ്ടായിരുന്നു. എന്തിനും ഏതിനും കൂട്ടുനിൽക്കുന്ന അവരായിരുന്നു എന്റെ ബാല്യകാല കൂട്ടുകാർ. അതിപ്പോ കുസൃതികൾക്കാണെങ്കിലും. കുറുമ്പ് ഇത്തിരി ഏറെ കൂടിയാൽ പുളി വാറിന്റെ ചൂടും ഞാൻ അറിഞ്ഞിരുന്നെങ്കിൽ എനിക്കൊന്നും എന്നും ബാല്യമിഷ്ടം. കൂട്ടുകാരും അവർ തന്നെയാണ് എനിക്കൊന്നും പ്രിയ.

ഇനി ഒരിക്കലും തിരിച്ചു കിട്ടിയില്ലെങ്കിലും നിന്നിലെ ഓർമ്മകൾ എന്നും എനിക്ക് മധുരം ഏറിയത് ആയിരിക്കും



**അനന്യ കെ.എസ്**

**VIIIA**

# രാത്രിമഴ

മഴയും മിഴയും മിഴയും മഴയും
മഴയും മിഴയും മിഴയും മഴയും
ഒരു പുതിയ ജനനം
ഒരു പുതിയ മരണം
നീ എങ്ങനെ ഉഴക്കാനാണ് വരുന്നത്

ഉയർന്നു പൊലെന്നു വന്നു എങ്ങനെ
വലിയൊരു നാലുഗ്രാമം
ഒരു പുതിയ ജനനം
ഒരു പുതിയ മരണം
നീ എങ്ങനെ ഉഴക്കാനാണ് വരുന്നത്

അങ്ങേയ്ക്കും ഇവൻറെ അന്തസ്സിൽ
പുതിയ പുഷ്പങ്ങൾ
പുതിയ കനങ്ങളും
ഒരു പുതിയ ജനനം
ഒരു പുതിയ മരണം
നീ എങ്ങനെ ഉഴക്കാനാണ് വരുന്നത്വയലാർ രാമവർമ



**മുഹമ്മദ് ബിലാൽ**
**IX A**

# ചൂടിനെ പ്രണയിച്ച വേനൽ മഴ എന്ന ഓർമ്മ

വെൻതെരിയുന്ന ചൂടിൽ മനസ്സിലേക്ക്
ഒരു കുളിർ പോലെ പെയ്തിറങ്ങിയ
നീ അല്പം നേരം കഴിഞ്ഞപ്പോൾ പോവരുത് ! എന്ന് ചൊല്ലിയത്
ഞാൻ ഈ തണുത്തുറയ്ക്കുന്ന മഞ്ഞുകാലത്തിൽ ഓർക്കുന്നു; ഈ
സമയങ്ങളിലെ  മഴയേക്കാൾ എനിക്ക്
ഏറെ ഇഷ്ടം ആ പ്രണയഗാംഭീര്യം ഉള്ള ചൂടിലെ മഴയെയാണ്!
ആ ഒരു മഴക്കാലം വീണ്ടും
വരുമെന്ന പ്രതീക്ഷയോടെ,
നല്ല ഓർമ്മകളിലൂടെ ഞാൻ, ഇവിടെ കാത്തിരിക്കുന്നു



**ഫസൽ**

**IX D**

# രാത്രിയുടെ ആശ്വാസം

സന്ധ്യാമയത്തിന്റെ വാതിലിൽ,
ചന്ദ്രന്റെ താരങ്ങൾ തിളങ്ങുന്നു,
മഴയുടെ ശബ്ദം മനസ്സിൽ കേട്ടു,
ആർത്തികൾ കണ്ടു മനസ്സിനു പരിഹാരം.

രാത്രിയുടെ ആശ്വാസം ഇത്,
നിറഞ്ഞ നിറവിൽ നിന്നും,
അമ്പുകൾ തിരിയും വരെ,
സ്വപ്നങ്ങളുടെ മന്ദിരം തുറന്നു.

വീണ്ടും ഒരു രാത്രിയായി,
ആശാന്റെ ആശ്വാസം നല്ലത്,
മറ്റൊരു ദിവസം എത്തിക്കഴിഞ്ഞു,
ഉണരുന്ന മനസ്സുകൾ ആഹ്ലാദിപ്പിക്കും

**മുഹമ്മദ് ഗാസി**
**IX A**



# ഹിരോഷിമ



യുദ്ധം മുറുകു മനസ്സിൽ മഹസ്സിലും
ആലയമറ്റവർ ആലംബമറ്റവർ
വഴിയോരത്തേറയും കബന്ധങ്ങൾ
നിറയുന്നു ദൂരപകർന്നാടുന്നു
വെറിപൂണ്ട ജന്മങ്ങൾ
സിറിയയിലൊഴുകുന്ന
ഇസ്രേലിലൊഴുകുന്ന രക്തപുഴയെല്ലാം
ചുവപ്പുനിറം മാത്രം. ഓർമയിലെപ്പോഴും
- എരിയും നെരിപ്പോടായി ഹിരോഷിമ
ചിത്രം നീറിപ്പടർന്നിടുന്നു. ഒട്ടാവോ
നദിതൻ പുളിനങ്ങളൊക്കെയും ഒരു
പുകയുരുളുപോൽ കൊച്ചു
സഡാക്കോമാർ
മറഞ്ഞിടുന്നു. നരബലിയായി
തീരുമ്പോൾ കിരാത മനസ്സുമായി
അലയുന്ന നേതാക്കൾ ഓർക്കുക -
യുദ്ധം നാശത്തിൻ നാരായ വേരുകൾ
/ വിപത്തിൻ വിധ്വംസനം
സ്നേഹത്തിൽ നിറയട്ടെ സ്നേഹത്തിൽ
പുലരട്ടെ വിശ്വത്തിന്റെ വിസ്മയം നാൾക്കുനാൾ വളരട്ടെ....

**ഡെൽന**
**IX A**

# കൂടപ്പിറപ്പ്

ആദ്യത്തെ പിറന്നാളിൻ
സമ്മാനമെന്ന പോലെൻ
അമ്മ തന്നരികിലായ്
കുഞ്ഞുണ്ണി വിരുന്നെത്തി
അമ്മതന്നമ്മിഞ്ഞപ്പാല -
മൃതം നുകരുന്ന
കുഞ്ഞാ യോരനുജനെ
ഞാനാദ്യം നോക്കി നിൽക്കേ,

അമ്മൂമ്മയേവം ചൊല്ലീ ,
നിൻ കൂടപ്പിറപ്പി വൻ
കളിപ്പാൻ കൂട്ടിനായി ,
നിനക്കായീശനേകി
അന്നു തൊട്ടിന്നേവരെ
കേവല മനിയനല്ലവനെൻ
മകനായി, പ്രിയ
തോഴനുമായി

പാടത്തും പറമ്പിലും തുമ്പി തൻ
പിമ്പേ പോകാൻ
ഇരട്ടക്കുഞ്ഞുങ്ങൾ പോൽ
മത്സരിച്ചേവം ഞങ്ങൾ
മുറ്റത്തെ മരച്ചോട്ടിൽ
കളിവീടുണ്ടാക്കിയും
പിരിയാക്കിളികളായ്
അമ്മ തൻ മാറിൽ ചാഞ്ഞു

എൻ മുഖമൊന്നുമങ്ങിൽ,
അവനും ഖേദമാകും
അവൻ തൻ ദുരിതങ്ങൾ
സഹിക്കയില്ലീ ഞാനും
അവനോടപരാധം
ആരേലും ചെയ്തീടിൽ
ഞാനുടൻ ദുർഗ്ഗയായ്
അഗ്നിയായ് ജ്വലിച്ചിടും

അത്രമേൽ പ്രിയനവൻ,
പ്രിയ മാനസനവൻ
വരികൾക്കാവില്ലെന്റെ
ഹൃദയം വരച്ചീടാൻ
എനിക്കുള്ള വയെല്ലാം
അവനേ പകർന്നുള്ളൂ
ഹൃദയം പറിച്ചു ഞാൻ
അവനേ കൊടുത്തുള്ളൂ

കലയിലഗ്രഗണ്യൻ
കാൽപന്തുകളിക്കാരൻ
എങ്കിലുമെവിടെയും
ശൂന്യനായ് നിലകൊൾവൂ
വെള്ളവുമൊഴിച്ചില്ല ,
വളവുമേകിയില്ല
അല്ലായ്കിലവനൊരു
താരമായുയർന്നേനേ ....

ആരോടും പിണക്കമില്ലല്പവും
കോപമില്ല
ഏതു നേരവും ശാന്ത
ചിത്തനായ് ചരിച്ചിടും
വിനയാന്വിത ഭാവം,
സൗമ്യമാം പുഞ്ചിരിയും
ഈ വക ഗുണങ്ങളാലു ലകിൽ
പ്രിയങ്കരൻ
കഴിയില്ലൊരിക്കലും ഞങ്ങളെ
പിരിച്ചിടാൻ
മന്നിതിലേ തൊരാൾക്കും ;
വെറുതെ .. നിനച്ച ഞാൻ
അരുതായിരുന്നു ഞാൻ ,
വെറുതെ മോഹിക്കുവാൻ
കരുതിയില്ല ' വിധി '
വേർപിരിക്കാനിരുന്നെന്ന് !

കുഞ്ഞുനാൾ മുതലവൻ
മരത്തിലൂയലാടി
പറന്നു കളിച്ചെന്നെ
രസിപ്പിച്ചിരുന്നവൻ
നാല്പതാം പിറന്നാളിൻ
മധുരം നുണയാതെ
സ്വർഗ്ഗത്തിൽ
മരക്കൊമ്പിലുയർന്നു പറന്നു
പോയ് !

ജീവിതം പടുക്കുവാൻ
പോയവൻ യാത്രയായി
ജീവനാം കിടാങ്ങളെ ,
സഖിയെ തനിച്ചാക്കി .
ഒരു വാക്കുരിയാതെ
തിരക്കിട്ടവൻ പോയി
കരളിൽ കണ്ണീർപ്പാടം
ഉഴുതിട്ടവൻ പോയി.
അമ്മ തൻ പ്രിയ മകൻ
ഉമഞ്ഞിൻ മനസ്സുള്ളോൻ
ഈശനും പ്രിയ നായാൽ
പോയിടാതെന്തു ചെയ് വാൻ
?
തിരികെ വരികയില്ലൊരു
നാളിലും പിന്നെ, വെറുതെ
കൊതിപ്പു ഞാൻ
അത്രമേൽ സ്നേഹിക്കയാൽ !

ദാനമായ് തന്ന തീശൻ
ബലമായെടുത്തതിൽ
വേദനിച്ചീടുകിലും ഹേതു ഞാൻ
തിരഞ്ഞില്ല
ദൈവത്തിൻ തിരുഹിതം
ചോദിക്കയനു ചിതം
ഞാൻ വെറും മണൽത്തരി
നിലത്തു നിപതിപ്പൂ

ജീവനു രക്ഷയേകുംവട മൊന്നു
ചുറ്റിയെങ്കിൽ

ആ പത്തൊന്നൊഴിവാ-
ക്കാൻ  ഈശനും തുണച്ചേനേ
!
ഏവരുമോർത്തിടേണം
ജീവന്റെ മൂല്യമെന്നും
ജാഗ്രത വേണമെന്നും
പ്രിയമുള്ളോർക്കായി .....

കരയാൻ കണ്ണീരിനിയേറെയും
ബാക്കിയില്ല
കുരിശും
തോളിലേന്തിയേറെനാൾ
നടക്കേണം
കാരുണ്യക്കടലമെന്നീശനെ
ഗമിക്കേണം
കാൽവരി ബലി മേലെ
ബലിയായ് തീർന്നിടേണം



***സിന്ധു ടീച്ചർ***
***നല്ല പാഠം കോർഡിനേറ്റർ***

-

# ഇന്ത്യ എന്റെ രാജ്യം

കിഴക്കൻ കിരണങ്ങളുടെ പ്രദീപം, സ്വപ്നങ്ങളുടെ നാട്, അവസാനം. ഇന്ത്യ, രംഗങ്ങളുടെ ചിത്രം പ്രകടിച്ച, കഥകളുടെ പ്രഭാവത്തിൽ മാർച്ചിച്ച.

ഹിമാലയങ്ങളുടെ കടകങ്ങളിൽ, കിടക്കുന്ന സൂര്യപ്രഭാവത്തിൽ. ഒഷനുകളുടെ അരങ്ങത്തിൽ, ഇന്ത്യ, ഒരു സംസ്കാര ഗീതമായി മിഴിയുന്നു.

രാജാസ്ഥാനിന്റെ മറുപടയിൽ, ശിഥിലംവിളയാടുന്ന ഒരു കളരിയാണ്. ചരിത്രത്തിലെ അറിവ് കിടക്കുന്നത്, താർ രാജാസ്ഥാനം സംസാരിക്കുന്നു.

മുമ്പൈയുടെ കനസുകളുടെ നഗരം, അവിടെ ചിത്രങ്ങളും കഥകളും കൂടെ. നക്ഷത്രാകാശത്തിൽ നക്ഷത്രങ്ങൾ നടന്നു, സൗഹൃദത്തിന്റെ നടപടി കൂടെ.

വാരാണസിയുടെ ഘടകങ്ങളിൽ, ഗങ്ഗ പ്രവാഹവും, ശ്രദ്ധയും തുടങ്ങുന്നു. കിറ്റാനികളിലെ സമൃദ്ധിയും, ഇന്ത്യാക്കാർക്ക് ചിലരീതിയിൽ പ്രകടിപ്പിക്കുന്നു.

കൊല്ക്കത്തയുടെ രേഖകൾ, ഇതിഹാസം, രവിവര്മ്മ രായുടെ നാടകങ്ങളും. ദുർഗാപൂജയുടെ നടന്നുന്ന, ഇന്ത്യ, അതിന്റെ ഹൃദയത്തിൽ നിന്നു.

ദില്ലിയുടെ കിടപ്പറ, ബാംഗ്ലൂരിന്റെ ടെക്നോളജി, നൂറുകോടികൾ പുരുഷാർഥങ്ങൾ പ്രാപിച്ചു. ഏകത, വിവിധത, സംയുക്തത, ഇന്ത്യ, അതിന്റെ ഗുണങ്ങളുടെ ഹൃദയത്തിൽ.




**ശ്രീഭദ്ര**
**IXD**

# ആലായാൽ തറ വേണം

ആലായാൽ തറ വേണം
അടുത്തോരമ്പലം
വേണംആലിന്നു ചേർ
ന്നൊരു കുളവും വേണം
കുളിപ്പാനായ് കുളം വേണം
കുളത്തിൽ
ചെന്താമര
വേണം
കുളിച്ചു
ചെന്നകം
പൂകാൻ ചന്ദനം
വേണം



പൂവായാൽ മണം വേണം
പൂമാനായാൽ ഗുണം
വേണം
പൂമാനിനിമാർ
കളായാലടക്കം വേണം
നാടായാൽ നൃപൻ വേണം
അരികിൽ മന്ത്രിമാർ
വേണം
നാടിന്നു ഗുണമുള്ള
പ്രജകൾ വേണം

യുദ്ധത്തിങ്കൽ രാമൻ നല്ലൂ
കുലത്തിങ്കൽ സീത നല്ലൂ
ഊണുറക്കമുപേക്ഷിപ്പാൻ
ലക്ഷ്മണൻ നല്ലൂ
പടയ്ക്കു ഭരതൻ നല്ലൂ
പറവാൻ പൈങ്കിളി നല്ലൂ
പറക്കുന്ന പക്ഷികളിൽ
ഗരുഡൻ നല്ലൂ

മങ്ങാട്ടച്ചനു
ഞായം നല്ലൂ
മംഗല്യത്തിനു
സ്വർണ്ണേ നല്ലൂ
മങ്ങാതിരിപ്പാൻ
നിലവിളക്കു നല്ലൂ
പാലിയത്തച്ചനുപായം നല്ലൂ
പാലിൽ പഞ്ചസാര നല്ലൂ
പാരാതിരിപ്പാൻ ചില പദവി
നല്ലൂ...

**കാവാലം
നാരായണപണിക്കർ**

# അഗ്നി

അഗ്നിയാണെൻ ദേവത
അഗ്നിയുണ്ട് നെഞ്ചിലെൻ
അസ്ഥിയിൽ, ജഠരത്തിൽ,
നാഭിയിൽ, സിരകളിൽ
അണുമാത്രമാം
ജീവകോശത്തിൽപോലും
എന്നുമതിനെയൂട്ടാൻ
ഞാനീ ഇന്ധനം ഒരുക്കുന്നു
മതിയെന്നോതാനറിയില്ല
മണ്ണിലെ ധാന്യ
ഫലമൂലങ്ങൾ
സ്നേഹ ക്ഷീര നീരങ്ങൾ
മന്ത്രമുരുവിട്ടനുമാത്രം
പ്രാണവായുവും തുളച്ചു
അരുളുന്നു ഞാൻസ്നേഹ
ക്ഷീര നീരങ്ങൾ
മന്ത്രമുരുവിട്ടനുമാത്രം
പ്രാണവായുവും
തുളച്ചുഅരുളുന്നു ഞാൻ
..

എല്ലാം അഗ്നിയാഹരിയ്ക്കുന്നു
എല്ലാം
അഗ്നിയാഹരിയ്ക്കുന്നു..
അഗ്നിയുണ്ട് നെഞ്ചിലെൻ
അസ്ഥിയിൽ, ജഠരത്തിൽ,
നാഭിയിൽ, സിരകളിൽ
അണുമാത്രമാം
ജീവകോശത്തിൽപോലും
എന്നുമതിനെയൂട്ടാൻ
ഞാനീ ഇന്ധനം ഒരുക്കുന്നു
മതിയെന്നോതാനറിയില്ല
മണ്ണിലെ ധാന്യ
ഫലമൂലങ്ങൾസ്നേഹ ക്ഷീര
നീരങ്ങൾ
മന്ത്രമുരുവിട്ടനുമാത്രം
പ്രാണവായുവും
തുളച്ചുഅരുളുന്നു ഞാൻ
എല്ലാം അഗ്നിയാഹരിയ്ക്കുന്നു

**ഒ എൻ വി കുറുപ്പ്**



# എന്റെ കവിത

കാൽച്ചോടൊന്നു പിഴയ്ക്കാതാടിപ്പോന്നൊ-
രെന്നോമൽക്കവിതേ, നിൻ കാൽകളിന്നിടറുന്നോ?
എന്തിന്?-കലാബോധം തീണ്ടാത്ത കാലിപ്രായർ
നിൻതാണ്ഡവത്തിൻനേർക്കു നീരസം ഭാവിച്ചിട്ടോ?
അതിലത്ഭുതമില്ല, രാജഹംസത്തിൻ ലീലാ-
സദനത്തിലെ,സ്സുധാസാന്ദ്രമാനസത്തിലെ,
ഹേമപങ്കജമാദ്ധ്വീമാധുരി മാനിക്കുമോ
ചേർമണ്ണിൽജ്ജളൂകങ്ങൾ ചികയും പാഴ്ക്കോറ്റികൾ?
പാട്ടുവാനവയ്ക്കില്ല പാടവം,മതിമറ-
ന്നാട്ടുവാ,നാകാശത്തിൽ സ്വച്ഛന്ദം വിഹരിക്കാൻ;
വെള്ളിമേഘങ്ങൾക്കിടയ്ക്കുദയപ്രകാശത്തി-
ലുള്ളുണർന്നോമൽച്ചിറകടിച്ചു കുകിപ്പൊങ്ങാൻ;-
ആയത്തമാക്കാനഭിനന്ദനാർദ്രാശംസക-
ളായവയ്ക്കഖിലേശനേകിയില്ലനുഗ്രഹം!
അതിനാലസൂയതന്നത്യഗാധതയിൽനി-
ന്നുയരാം സ്വയം,വ്യക്തിവിദ്വേഷധൂമാംശങ്ങൾ.
കപടസ്സന്ന്യാസത്തിൻ വെള്ളയാദർശം ചുറ്റി-
ക്കരളിൽക്കറയേന്തി മൗഢ്യമൂർത്തികളായി
മനസ്സാൽ,വാക്കാൽ,കർമ്മശതത്താൽ നിർലജ്ജമീ
മഹിയിൽ 'മഹാത്മാ'ഖ്യയെബ്ഭലാൽസംഗം ചെയ്‌വാൻ,
ഉണ്ടാകാം ചിലരെല്ലാം ഗാന്ധിസൂക്തികൾ തങ്ക-
ച്ചെണ്ടിട്ടൊരിക്കാലത്തും കവിതേ, ക്ഷമിക്കു നീ!
ഇടയൻ പുല്ലാങ്കുഴൽവിളിക്കെ,ക്കത്തിക്കാളും

ചുട്ടുവെയ്‌ലതേറ്റേറ്റ പൂനിലാവായിപ്പോകെ;
ആയതിൻ തരംഗങ്ങളുമ്മവെച്ചാനന്ദത്താ-
ലാലോലലതാളികൾ മൊട്ടിട്ടു ചിരിക്കവേ;
മയിലാടവേ, മരക്കൊമ്പുകൾതോറും നിന്നു
മലയാനിലൻ മർമ്മരാശംസ വർഷിക്കവേ;
കുറ്റിക്കാട്ടുകൾക്കുള്ളിൽക്കശ്മലസൃഗാലന്മാർ
പറ്റിച്ചേർന്നോ,രിയിട്ടു പുച്ഛിച്ചാൽ ഫലമെന്തേ?
ഇരുളിലുലൂകങ്ങൾ മുഷിഞ്ഞുമൂളീടിലും
സരസം വിണ്ണിൽപ്പൊങ്ങി രാപ്പാടിയെത്തിപ്പാടും.
എന്നോമൽക്കവിതേ, നീയിടറായ്കണുപോലും;
നിന്നെയോമനിക്കുവാൻ കാത്തുനിൽക്കുന്നൂ കാലം.
ഇന്നു നിൻചുറ്റുമപസ്മാരത്തിൻ ഞെരക്കങ്ങൾ
നിന്നിടാം തത്തിത്തത്തി, നാളത്തെ പ്രഭാതത്തിൽ,



അവതൻ നേർത്തു
നേർത്ത
മാറ്റൊലിപോലും മായു;-
മവമാനിതയായ് നീ
മറുകില്ലൊരിക്കലും.

**ചങ്ങമ്പുഴ കൃഷ്ണപിള്ള**

# കിട്ടുന്നതിൽ പാതി

വിജയനഗരസാമ്രാജ്യത്തിലെ കൃഷ്ണദേവരായരുടെ സദസ്സിലെ അംഗമായിരുന്ന തെന്നാലിരാൻ ഒരിക്കൽ രാജാവും രാജ്ഞിയും ക്കുടി ഒരു നാടകം കണ്ടു കൊണ്ടിരിക്കുകയായിരുന്നു. അഹേഴാണ് തെന്നാലിരാമൻ രാജാവിനെ കാണാനെത്തിയത്. കൊട്ടാരവാതിൽക്കൽ എത്തിയപ്പോൾ കാവൽക്കാരൻ രാമനെ തടഞ്ഞു. ''ആരേരയും അകത്തു വിടതമതന്നാണ് കൽന.

സൂത്രശലിയായ രാമൻ പറഞ്ഞു: ''എനിക്ക് രാജാവ് ഒരു സമ്മാനം തരാമെന്ന് പറഞ്ഞിട്ടുണ്ട്. എനിക്ക് കിട്ടുന്നതിൽ പാതി തനിക്കു തന്നേക്കാം. എന്നാലോ?' കാവൽക്കാരനു സന്തോഷമായി. അയാൾ രാമെന കടത്തിവിട്ടു. നാടകം നടക്കുന്ന ണ്ഡപത്തിനു മുന്നിലുണ്ടായിരുന്നു ഒരു കാവൽക്കാരൻ.അയാളും രാമനെ തടഞ്ഞുപക്ഷേ

കിട്ടുന്നതിൽ പാതി തരാമെന്നു പറഞ്ഞപ്പേൾ അയാളും രാമനെ കത്തി വിട്ടു. രാമൻ

അകത്തേക്കു വരുന്നത് കണ്ട് രാജാവിന് കോപം വന്നു.

'' ഹം... അനുവാദമില്ലാതെ അകത്തു വന്ന രാമന് നൂറടി കൊടുക്കു'' രാജാവ് കല്പിച്ചു രാമൻ പുഞ്ചിരിയോടെ പറഞ്ഞു ''പ്രദോ, അടിയനു കിട്ടുന്ന ശിക്ഷ പകുത്തു വാങ്ങാൻ രണ്ടു പേർ പുറത്തു നിൽപുണ്ട്.'' രാജാവ് അമ്പരന്നു പോയി. കിട്ടുന്നതിൽ പാതി

വാങ്ങാൻ കാത്തു നിൽക്കുന്ന കാവൽക്കാരുടെ കാര്യം രാമൻ പറഞ്ഞു. രാജാവിന് കോപം ഇരട്ടിച്ചു.കാവൽക്കർ കൈക്കൂലിക്കാരാണെന്നു തനിക്ക് നെസ്സിലാക്കിത്തരികയായിരുന്നു രാമൻ എന്ന് ആദ്ദേഹത്തിനു മനസ്സിലായി. രാനെ വിധിച്ച ശിക്ഷ രാജാവ് കാവൽക്കാർക്ക് കൊടുത്തു!



ദിയ റോസ്

**IX A**

# റോബോട്ട്

റോബോട്ട് സ്വന്തമായോ നിർദ്ദേശങ്ങൾ അനുസരിച്ചോ പ്രവൃത്തികൾ ചെയ്യാൻ കഴിവുള്ള ഒരു ഇലക്ട്രോ-മെക്കാനിക്കൽ ഉപകരണമാണ്. കമ്പ്യൂട്ടർ അല്ലെങ്കിൽ ഇലക്ട്രോണിക് പ്രോഗ്രാമിംഗ് ആണ് റോബോട്ടുകളെ നിയന്ത്രിക്കുന്നത്. പൂർണ്ണമായോ ഭാഗികമായോ ബാഹ്യനിയന്ത്രണമില്ലാതെ പ്രവൃത്തികൾ ചെയ്യാൻ റോബോട്ടുകൾക്ക് സാധിക്കും. റോബോട്ടുകളെ കുറിച്ചു പഠിക്കുന്ന ശാസ്ത്രശാഖയാണ് "റോബോട്ടിക്സ്". മനുഷ്യന് ചെയ്യാൻ താൽപ്പര്യമില്ലാത്തതോ വലിപ്പ പരിമിതി കാരണം ചെയ്യാൻ കഴിയാത്തതോ അല്ലെങ്കിൽ കടലിന്റെ അടിഭാഗം പോലുള്ള തീവ്രമായ ചുറ്റുപാടുകളിൽ നടക്കുന്നതോ ആയ അപകടകരമായ ജോലികൾ ചെയ്യുന്നതിന് റോബോട്ടുകളെ ഉപയോഗിക്കുന്നു. വർദ്ധിച്ചുവരുന്ന പ്രവർത്തനങ്ങളിൽ തൊഴിലാളികളെ മാറ്റിസ്ഥാപിക്കുന്നതിനാൽ സാങ്കേതിക തൊഴിലില്ലായ്മ വർദ്ധിക്കുന്നതായി കാണാം.മനുഷ്യന്റെ രൂപത്തിൽ നിർമിച്ച റോബോട്ടുകളെ ഹ്യൂമനോയിഡ് എന്ന് വിളിക്കുന്നു. വെള്ളത്തിനിടയിൽ



പരിശോധന നടത്താൻ കഴിവുള്ള റോബോട്ടുകളെ ഓട്ടോ സബ് എന്നും വിളിക്കുന്നു.



**<u>സോഫിയ ( റോബോട്ട് )</u>**

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ അടിസ്ഥാനമാക്കി നിർമിച്ച യന്ത്രമനുഷ്യനാണ് സോഫിയ. സംസാരിക്കാനും വികാരങ്ങൾ പ്രകടിപ്പിക്കാനും കഴിവുള്ള ഹ്യൂമനോയ്ഡ് റോബോട്ടാണ് ഇത്. ഹോങ്കോംഗ് ആസ്ഥാനമായുള്ള ഹാൻസൺ റോബോട്ടിക്സാണ് സോഫിയയുടെ നിർമാതാക്കൾ. ലോകമെമ്പാടുമുള്ള മാധ്യമങ്ങൾ സോഫിയയെ കവർ ചെയ്യുകയയും നിരവധി ഉന്നത അഭിമുഖങ്ങളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഒരു രാജ്യം പൗരത്വം നൽകുന്ന ആദ്യത്തെ റോബോട്ടാണ് സോഫിയ.കമ്പ്യൂട്ടർ അൽഗോരിതം സംയോജിപ്പിച്ച സോഫിയയുടെ കണ്ണിലെ ക്യാമറകൾ അവളെ കാണാൻ അനുവദിക്കുന്നു. അവൾക്ക് മുഖങ്ങൾ പിന്തുടരാനും കണ്ണിന്റെ സമ്പർക്കം നിലനിർത്താനും വ്യക്തികളെ തിരിച്ചറിയാനും സംഭാഷണം പ്രോസസ്സ് ചെയ്യാനും സംഭാഷണങ്ങൾ നടത്താനും അവൾക്ക് കഴിയും. 60 ലധികം മുഖഭാവങ്ങളെ അനുകരിക്കാനുള്ള കഴിവ് സോഫിയക്കുണ്ട് .ആരോഗ്യ

സംരക്ഷണം, ഉപഭോക്തൃ സേവനം, തെറാപ്പി, വിദ്യാഭ്യാസം എന്നിവയിൽ സേവനമനുഷ്ഠിക്കാൻ സോഫിയ ആത്യന്തികമായി സഹായിക്കുമെന്ന് ഡേവിഡ് ഹാൻസൺ പറഞ്ഞു. 2019 ൽ സോഫിയ പോർട്രെയ്റ്റുകൾ ഉൾപ്പെടെയുള്ള ഡ്രോയിംഗുകൾ സൃഷ്ടിക്കാനുള്ള കഴിവ് പ്രദർശിപ്പിച്ചു.

വ്യവസായിക റോബോട്ട്

ഒരു ഫാക്ടറിയിൽ ഉപയോഗിക്കുന്ന ആർട്ടികുലേറ്റഡ് വെൽഡിംഗ് റോബോട്ടുകൾ ഒരു തരം വ്യാവസായിക റോബോട്ടാണ്.

**ചീറ്റ**



ബിഗ്ഡോഗിന്റെ പരിണാമമായ ചതുർപാദ(നാലു കാലുകളുള്ള) സൈനിക റോബോട്ട് ചീറ്റ 2012-ൽ ലോകത്തിലെ ഏറ്റവും വേഗതയേറിയ കാലുകളുള്ള റോബോട്ടായി തിരഞ്ഞെടുക്കപ്പെട്ടു, 1989-ൽ എംഐടി ബൈപെഡൽ റോബോട്ട് സ്ഥാപിച്ച റെക്കോർഡ് മറികടന്നു

# ഐകമത്യം മഹാബലം!

ഐക്യമുണ്ടെങ്കിൽ എന്തും സാധ്യമാണെന്ന് സൂചിപ്പിക്കുന്ന പഴഞ്ചൊല്ലാണ് "ഐകമത്യം മഹാബലം". ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം, ഒരുമ തന്നെ പെരുമ തുടങ്ങി വേറെയും പഴഞ്ചൊല്ലുകൾ ഇതേ ആശയം വ്യക്തമാക്കുന്നതായുണ്ട്.

ഒരിയ്ക്കൽ ഒരു കൂട്ടം പ്രാവുകൾ ആകാശത്തിലൂടെ പറന്നു പോകുകയായിരുന്നു. അപ്പോഴാണ് കൊയ്ത്ത് കഴിഞ്ഞു കിടക്കുന്ന ഒരു നെൽ പാടം അവരുടെ കണ്ണിൽ പെട്ടത്. ധാരാളം ധാന്യം കിട്ടാൻ സാധ്യതയുള്ളത് കൊണ്ട് ആ പാടത്ത് ഇറങ്ങി ഇര തേടാൻ അവരുടെ നേതാവ് തീരുമാനിച്ചു. അങ്ങിനെ എല്ലാവരും പാടത്തേയ്ക്ക് പറന്നിറങ്ങി. കഷ്ടകാലമെന്നല്ലാതെ എന്തു പറയാൻ. ആ പാടത്ത് ഒരു വേടൻ വലിയൊരു വല വിരിച്ചിരുന്നു. ഇതൊന്നുമറിയാതെ പ്രാവുകൾ നെൻമണികൾ കൊത്തിത്തിന്നുകൊണ്ടിരുന്നു. ദൂരെ നിന്നും ആരോ

വരുന്നത് കണ്ട് നേതാവ് പറഞ്ഞു."എല്ലാവരും വേഗം പറന്ന് രക്ഷപ്പെട്ടോളൂ. ആരോ വരുന്നുണ്ട്!" എന്നാൽ ആർക്കും തന്നെ മുകളിലേയ്ക്ക് പറന്നുയരാൻ പറ്റിയില്ല. അവരുടെ കാലുകൾ വലയിൽ കുരുങ്ങിയിരുന്നു.

"അയ്യോ. നമ്മൾ കുടുങ്ങി!" പ്രാവുകൾ ഉറക്കെ പറഞ്ഞു.

"ഭയപ്പെടാതെ, ധൈര്യമായിരിക്കൂ. ഒരുമയോടെ പ്രവർത്തിച്ചാൽ നമുക്ക് ഈ ആപത്തിൽ നിന്നു രക്ഷപ്പെടാം" നേതാവ് അവരെ ആശ്വസിപ്പിച്ചു.

കുറേയേറെ പ്രാവുകൾ വലയിൽ കുടുങ്ങിക്കിടക്കുന്നത് വേടൻ ദൂരെ നിന്നെ കണ്ടു,. അയാൾ സന്തോഷത്തോടെ വേഗം നടന്നു.

"ഞാൻ മൂന്നേണിക്കഴിയുമ്പോൾ എല്ലാവരും ഒരുമിച്ച് മുകളിലേയ്ക്ക് സരവ ശക്തിയുമെടുത്ത് പറക്കണം. " നേതാവ് നിർദ്ദേശിച്ചു.

വേടൻ അടുത്തെത്താറായതും പ്രാവുകളെല്ലാം ഒരുമിച്ച് മുകളിലേയ്ക്ക് പറന്നുയർന്നു. തന്റെ വലയുമായി പാരണകളുന്ന പ്രാവുകളെ കണ്ട് വേടൻ അന്തിച്ച് നിന്നു.

നേതാവ് അവരെ എല്ലാവരേയും കാട്ടിലെ ഒരു മരച്ചുവട്ടിലേയ്ക്കാണ് നയിച്ചത്. അവർ പറന്നിറങ്ങിയതും നേതാവ് ഉറക്കെ വിളിച്ചു.

"കൂട്ടുകാരാ, ഒന്നിറങ്ങി വരൂ!"

വിളി കേട്ട് മരത്തിനടിയിലെ മാളത്തിൽ നിന്നും ഒരു എലി ഇറങ്ങി വന്നു. നേതാവ് അവനോട് സഹായം ചോദിച്ചു.

നിമിഷങ്ങൾക്കുള്ളിൽ എലി തൻ്റെ കൂട്ടുകാരുമായെത്തി വല കടിച്ചു മുറിച്ച് പ്രാവുകളെ രക്ഷിച്ചു.



***ലിസി മരിയ***
***IX D***

# കഠിനാധ്വാനത്തിന്റെ ഫലം

ഒരു ഗ്രാമത്തിൽ രണ്ട് സുഹൃത്തുക്കളായ രാമുവും ദാമുവും താമസിച്ചിരുന്നു. രാമു ഒരു മതവിശ്വാസിയും ദൈവത്തിൽ വളരെയധികം വിശ്വാസം ഉള്ള ആളായിരുന്നു. എന്നാൽ ദാമു വളരെ കഠിനാധ്വാനിയായിരുന്നു. ഒരിക്കൽ ഇരുവരും ചേർന്ന് ഒരു വലിയ സ്ഥലം വാങ്ങി. ഇവിടെ കൃഷി ചെയ്ത് ധാരാളം വിളകൾ വളർത്തിക്കൊണ്ട് കാശുണ്ടാക്കാമെന്നു രണ്ടുപേരും ആഗ്രഹിച്ചു.

ദാമു വയലിൽ വളരെ കഠിനാധ്വാനം ചെയ്യാറുണ്ടായിരുന്നുവെങ്കിലും രാമു ഒരു ജോലിയും ചെയ്യാതെ ക്ഷേത്രത്തിൽ പോയി നല്ല വിളവെടുപ്പിനായി ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അങ്ങനെ നാളുകൾ കടന്നു പോയി. വയലിലെ വിള പാകമായി തയ്യാറായി.

അവർ രണ്ടുപേരും കൂടി ഫലങ്ങൾ എല്ലാം മാർക്കറ്റിൽ കൊണ്ടുപോയി വിറ്റു, അവർക്ക് നല്ല പണം ലഭിച്ചു.

വീട്ടിലെത്തിയ ശേഷം ദാമു രാമുവിനോട് പറഞ്ഞു "ഞാൻ വയലിൽ കഠിനാധ്വാനം ചെയ്തതുകൊണ്ടാണ് ഇത്രെയും വിളവുണ്ടായതും നമ്മക്ക് ഇത്രേം പണം ലഭിച്ചതും. അതുകൊണ്ട് ഈ പണത്തിന്റെ കൂടുതൽ പങ്ക് എനിക്ക് ലഭിക്കണം."

ഇതുകേട്ട രാമു പറഞ്ഞു, "ഇല്ല, നിങ്ങളേക്കാൾ കൂടുതൽ പണം എനിക്ക് ലഭിക്കണം, കാരണം ഞാൻ ദൈവത്തോട്

പ്രാർത്ഥിച്ചതുകൊണ്ടാണ് നമുക്ക് നല്ല വിളവെടുപ്പ് ലഭിച്ചത്. ദൈവമില്ലാതെ ഒന്നും സാധ്യമല്ല". ഇരുവർക്കും ഈ വിഷയം പരസ്പരം പരിഹരിക്കാനാവാത്തപ്പോൾ, പണം വിതരണത്തിനായി ഇരുവരും ഗ്രാമ തലവന്റെ അടുത്തെത്തി.

രണ്ടുപേരുടെയും വാക്കുകൾ കേട്ട ശേഷം തലവൻ ഓരോരുത്തർക്കും ഒരു ചാക്ക് അരി നൽകി, അതിൽ കല്ലുകൾ കലർത്തി. നാളെ രാവിലെയോടെ നിങ്ങൾ രണ്ടുപേരും അതിൽ നിന്ന് അരിയും കല്ലും വേർതിരിക്കേണ്ടതുണ്ടെന്നും ഈ പണത്തിന്റെ കൂടുതൽ പങ്ക് ആർക്കാണ് ലഭിക്കേണ്ടതെന്ന് ഞാൻ തീരുമാനിക്കുമെന്നും തലവൻ പറഞ്ഞു.

അരി ചാക്കുമായി ഇരുവരും അവരവരുടെ വീട്ടിലേക്ക് പോയി. അരിയും കല്ലുകളും വേർതിരിച്ച് രാത്രി മുഴുവൻ ദാമു ഉണർന്നിരുന്നു. എന്നാൽ അരി ചാക്കുമായി രാമു ക്ഷേത്രത്തിൽ പോയി കല്ലുകൾ അരിയിൽ നിന്ന് വേർപെടുത്താൻ ദൈവത്തോട് പ്രാർത്ഥിച്ചു.

പിറ്റേന്ന് രാവിലെ ദാമു വേർപെടുത്താവുന്നത്ര അരിയും കല്ലും എടുത്ത് ഗ്രാമ തലവന്റെ അടുത്തേക്ക് പോയി. ഇത് കണ്ട് ഗ്രാമ തലവൻ സന്തോഷിച്ചു. രാമു അതേ ചാക്ക് എടുത്ത് തലവന്റെ അടുത്തേക്ക് പോയി. നിങ്ങൾ എത്ര അരി വൃത്തിയാക്കി എന്ന് കാണിക്കാൻ തലവൻ രാമുവിനോട് ആവശ്യപ്പെട്ടു. അരിയെല്ലാം വൃത്തിയാക്കിയിട്ടുണ്ടാകും, എനിക്ക് ദൈവത്തിൽ പൂർണ

വിശ്വാസമുണ്ടെന്ന് രാമു പറഞ്ഞു. ചാക്ക് തുറന്നപ്പോൾ
അരിയും കല്ലുകളും ഒന്നുതന്നെയായിരുന്നു.

നിങ്ങൾ കഠിനാധ്വാനം ചെയ്യുമ്പോൾ മാത്രമേ ദൈവം
പോലും സഹായിക്കൂ എന്ന് തലവൻ രാമുവിനോട് പറഞ്ഞു.
തലവൻ കൂടുതൽ പണം ദാമുന് നൽകി. ഇതിനുശേഷം രാമു
ദാമുവിനെ പോലെ വയലിൽ കഠിനാധ്വാനം ചെയ്യാൻ
തുടങ്ങി, ഇത്തവണ അവന്റെ വിള മുമ്പത്തേതിനേക്കാൾ
മികച്ചതായിരുന്നു.

ഗുണപാഠം: വിജയം നേടാൻ ദൈവത്തെ മാത്രം
ആശ്രയിച്ചാൽ പോരാ നാം കഠിനമായി പരിശ്രമിക്കുക കൂടി
ചെയ്യണം.



shutterstock.com · 2212176635

***ആൻഡ്രിയ ജസ്റ്റിന***
***IX C***

# അക്ബർ ചക്രവർത്തിയുടെ സ്വപ്നം

# - ബീർബൽ കഥ

അന്ന് അക്ബർ ചക്രവർത്തി രാജസദസ്സിലെത്തിയത് വളരെ ആകുലത നിറഞ്ഞ മുഖത്തോട് കൂടിയായിരുന്നു. ചക്രവർ ത്തിയുടെ മുഖത്തെ വിഷമം കണ്ട് എല്ലാവരും എന്താണ് സംഭവമെന്നറിയാതെ അമ്പരന്നു. അപ്പോഴാണ് ചക്രവർ ത്തി കൊട്ടാരം ജ്യോത്സ്യനെ വിളിച്ചത്. ജ്യോത്സ്യനോട് ചക്രവർത്തി പറഞ്ഞു.

''നാം ഇന്നലെ ഒരു പോള കണ്ണടച്ചിട്ടില്ല. അത്ര മാത്രം നമ്മെ വ്യാകുലപ്പെടുത്തുന്ന ഒരു സ്വപ്നമാണ് നാമിന്നലെ കണ്ടത്. നമ്മുടെ പല്ലുകളെല്ലാം ഒന്നൊഴികെ കൊഴിഞ്ഞു പോകുന്നതായാണ് നാം സ്വപ്നത്തിൽ കണ്ടത്. എന്താണ് ഈ സ്വപ്നത്തിന്റെ അർത്ഥം?ചക്രവർത്തിയുടെ സ്വപ്നത്തെക്കുറിച്ച് കുറച്ചാലോചിച്ച ജ്യോത്സ്യൻ വളരെ ദുഖിതനായി പറഞ്ഞു.

''പ്രഭോ അങ്ങ് കണ്ട വിചിത്രമായ സ്വപ്നം അർ ത്ഥമാക്കുന്നത് അങ്ങയുടെ ബന്ധുജനങ്ങളെല്ലാം അങ്ങേയ്ക്കും മുൻപ് തന്നെ മരണപ്പെട്ടുമെന്നതാണ്''

ഈ വിശദീകരണം കേട്ട ചക്രവർത്തി വളരെ ദുഖിതനായി. അദ്ദേഹം കുപിതനായി ജ്യോത്സ്യനോട് കടന്നു പോകാനും ഇനി മേലിൽ തൻറെ കൺമുന്നിൽ കണ്ട് പോകരുതെന്നും കൽപ്പിച്ചു.

കുറെ നേരത്തിന് ശേഷം ബീർബൽ കൊട്ടാരത്തിലെത്തി ചക്രവർത്തിയെ മുഖം കാണിച്ചു. അക്ബർ ചക്രവർത്തിയുടെ മുഖത്തെ വിഷമം ശ്രദ്ധിച്ച ബീർബൽ അദ്ദേഹത്തോട് കാര്യം അന്വേഷിച്ചു. ചക്രവർത്തി താൻ കണ്ട വിചിത്രമായ സ്വപ്നത്തെക്കുറിച്ച് ബീർബലിനോട് പറഞ്ഞു.

ഉടൻ തന്നെ ബീർബൽ അത്യധികം സന്തോഷത്തോടെ പറഞ്ഞു.

"ഇതിൽ വിഷമിക്കാനെന്തിരിക്കുന്നു പ്രഭോ? അങ്ങ് അങ്ങയുടെ ബന്ധുജനങ്ങളെക്കാളും കൂടുതൽ കാലം ജീവിച്ചിരിക്കുമെന്നാണ് സ്വപ്നം സൂചിപ്പിക്കുന്നത്!"

ബീർബലിൻറെ വ്യാഖ്യാനം കേട്ടു സന്തുഷ്ടനായ അക്ബർ ബീർബലിന് കൈ നിറയെ സമ്മാനങ്ങൾ കൊടുത്തു. ചക്രവർത്തിയുടെ ദു:ഖമെല്ലാം മാറി അദ്ദേഹം പ്രസന്നവദനനായി തൻറെ കർത്തവ്യങ്ങളിൽ മുഴുകി.

ബീർബലിൻറെ വ്യാഖ്യാനം നമ്മുടെ കൊട്ടാരം ജ്യോത്സ്യൻറെ കാതിലുമെത്തി. താൻ പറഞ്ഞ കാര്യം തന്നെയല്ലേ ബീർബലും പറഞ്ഞത്. ചക്രവർത്തി തൻറെ ബന്ധുജനങ്ങളെക്കാൾ കൂടുതൽ കാലം ജീവിക്കും എന്ന് പറഞ്ഞാൽ അദ്ദേഹത്തിന് മുൻപ് തന്നെ അവരെല്ലാം മരണപ്പെട്ടുമെന്ന് തന്നെയല്ലേ? എന്നിട്ടും തനിക്ക് ചക്രവർത്തിയുടെ കോപവും ബീർബലിന് സമ്മാനങ്ങളും ആണ് കിട്ടിയത്!

പറയുന്ന കാര്യങ്ങൾ നല്ല രീതിയിൽ സകാരാത്മകമായി (പോസിറ്റീവ് ആയി)
പറയുന്നതാണ് ഉത്തമം എന്ന് ജ്യോത്സ്യൻ ബോധ്യമായി.



# കടങ്കഥകൾ




➔ ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ്

ചൂല്

➔ ഉണ്ടാക്കുന്നവൻ ഉപയോഗിക്കുന്നില്ല, ഉപയോഗിക്കുന്നവൻ അറിയുന്നില്ല?

ശവപ്പെട്ടി

➔ ഒരു കുപ്പിയിൽ രണ്ടെണ്ണ?

മുട്ട

➔ 4 കാടുണ്ട് കടുവയില്ല, വീടുണ്ട് വീട്ടാറില്ല, കുളമുണ്ട് മീനില്ല?

തേങ്ങ

➔ പെട്ടന്ന് പൊക്കം കൂടാനുള്ള എളുപ്പവഴി?

പൊക്കം കുറഞ്ഞവരുടെ കൂടെ നിൽക്കുക

➔ ആരും ഇഷ്ട്ടപ്പെടാത്ത ദേശം?

ഉപദേശം

➔ അടിവെച്ച് അടിവെച്ച് കയറ്റം കിട്ടുന്ന ജോലി?

തെങ്ങുകയറ്റം

- ➔ രണ്ട് ബക്കറ്റ് നിറയെ വെള്ളമുണ്ട്. അതിൽ ഒരു ബക്കറ്റിനു ദ്വാരമുള്ളതാണ്. എന്നാൽ ദ്വാരമുള്ള ബക്കറ്റിൽ നിന്നും വെള്ളം പോകുന്നില്ല. കാരണം എന്താണ്?

ബക്കറ്റിൽ ഉള്ളത് വെള്ള മുണ്ടാണ്

- ➔ ആദ്യം പോകാൻ പറഞ്ഞിട്ട് പിന്നെ തിരികെ വിളിക്കുന്ന സ്ഥലം?

ഗോവ

- ➔ ദൈവം മനുഷ്യന് കൊടുത്ത ഏറ്റവും വലിയ വരം?

വിവരം

- ➔ നമ്മളിൽ ഭൂരിഭാഗം ആളുകളും കഴിക്കുന്ന ആന?

ബനാന

- ➔ വേഗത്തിൽ ഒന്നാമൻ, പേരിൽ രണ്ടാമൻ, സ്ഥാനത്തിൽ മൂന്നാമൻ ആരാണെന്ന് പറയാമോ?

ക്ലോക്കിലെ സെക്കൻഡ്സ് സൂചി

- ➔ ഗ്രഹങ്ങളിൽ വെച്ച് ഏറ്റവും അപകടകാരിയായ ഗ്രഹം?

അത്യാഗ്രഹം

- ➔ ചിരിക്കുന്ന ഇംഗ്ലീഷ് അക്ഷരം ഏതാണ്?

ഇ (E)

- ➔ ഹിന്ദിക്കാർ പോക്കറ്റിലും മലയാളികൾ അടുപ്പിലും വെക്കുന്ന സാധനം എന്ത്?

കലം (ഹിന്ദിയിൽ പേനക്ക് ആണ് കലം എന്ന് പറയുന്നത്)

- ➔ വെട്ടുംതോറും നീളം കൂടുന്നത് എന്ത്?

വഴി

- ➔ ഏറ്റവും കൂടുതൽ പുക അടിക്കുന്ന ഇംഗ്ലീഷ് അക്ഷരം?

C (BD യുടെ നടുക്കാണ്)

- ➔ കാൽ ചെവിയിൽ വെച്ച് ഇരിക്കുന്നത് ആര്?

കണ്ണട


- ➔ ജോമേറ്ററി ക്ലാസ്സിൽ കണക്ക മാഷിനെ സഹായിക്കുന്ന രണ്ടു പെൺകുട്ടികൾ ആരെല്ലാം?

ബിന്ദു and രേഖ

- ➔ ഒഴുകാൻ കഴിയുന്ന അക്കം ഏതു?

6

# ലഹരി മരുന്നിന് അടിമപ്പെട്ടുവോ?




ഇന്ന് താരതമ്യേന യുവാക്കളിലും വിദ്യാർത്ഥികളിലും കാണപ്പെടുന്ന ഭീകരമായ അവസ്ഥയാണ് മയക്കുമരുന്ന് ആസക്തി. ലഹരി പദാർത്ഥങ്ങൾക്ക് അടിപ്പെട്ട് പോകുന്നത് വഴി ജീവിതം വളരെ മോശമായ നിലവാരത്തിലെത്തുകയും അത് ആത്മഹത്യയിലേക്ക് വരെ നയിക്കുകയും ചെയ്യുന്നു. മാത്രമല്ല നിരവധി ശാരീരിക മാനസിക പ്രശ്നങ്ങൾക്കും ഇത് കാരണമാകുന്നു. മക്കളുടെ ഏതൊരു ചെറിയ പ്രശ്നവും തിരിച്ചറിയുന്നത് അമ്മമാരാണ്. എന്നാൽ അമ്മമാരുടെ ചെറിയ ഒരു നോട്ടക്കുറവ് പോലും മക്കളെ മയക്കുമരുന്ന് ആസക്തി പോലുള്ള പ്രശ്നങ്ങളിലാണ് എത്തിക്കുന്നത്. അതിനാൽ നാം കൂടുതൽ ജാഗ്രത പുലർത്തണം.

എന്താണ് മയക്കുമരുന്ന് ആസക്തി

ലഹരിമരുന്നിൻ്റെ അസ്വഭാവികമായ ഉപയോഗം കാരണം നാഡീവ്യൂഹത്തെയും മാനസിക-ശാരീരികാരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്ന ഒരു ഒരു രോഗമായാണ് Drug addiction നെ വിദഗ്ദ്ധർ

കണക്കാക്കുന്നത്. ലഹരി വസ്തുക്കൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് തലച്ചോറിനെയാണ്. കൃത്യമായ ചികിത്സ ലഭ്യമായില്ല എങ്കിൽ ഈ രോഗം തലച്ചോറിനെ പ്രതികൂലമായി ബാധിക്കും.

Cocaine, cannahis, Amphetamine, Ecstasy, LSD എന്നിവയാണ ഇന്ത്യയിൽ മുഖ്യ മായും കാണുന്ന ലഹരി പദാർത്ഥങ്ങൾ. സാധാരണയായി ഒൻപത് വയസ്സ് മുതൽ 21 വയസ്സ് വരെയുള്ളവരാണ് ഇത് ഉപയോഗിക്കുന്നത്.ലഹരിയും തലച്ചോറും

ഏതൊരു ലഹരി പദാർത്ഥവും തലച്ചോറിലെ Chemical meassging system തകരാറിലാക്കുന്നു. എന്നാൽ ലഹരിയുടെ വകഭേദങ്ങൾക്കനുസരിച്ച് തലച്ചോറിനെ ബാധിക്കുന്ന രീതിയിൽ വ്യത്യാസം വരാം.

അതിസങ്കീർണമായ ഘടനയാണ് തലച്ചോറിനുള്ളത്. ഈ ഘടനയിലേക്ക് ലഹരി പദാർത്ഥങ്ങൾ എത്തിച്ചേരുമ്പോൾ റിഫ്ലക്സ് പ്രവർത്തങ്ങൾ താറുമാറാകുന്നു. തുടർന്ന് ഓർമ്മക്കുറവ്, ഉത്കണ്ഠ, തുടങ്ങിയ മാനസിക സംഘർഷങ്ങൾ മുതൽ മസ്തിഷ്ക്ക ആഘാതം വരെ സംഭവിച്ചേക്കാം.



**അമേയ അനൂപ്**

**IX C**

# തലമുറ വിടവ്

## പഴയ തലമുറയും പുതിയ തലമുറയും

മുക്കെല്ലാവർക്കും എളുപ്പത്തിൽ വിവരങ്ങൾ ലഭ്യമാകുന്ന ഇൻ്ററർനെറ്റിൻ്റെ ഈ യുഗത്തിൽ; യുവതലമുറയെക്കുറിച്ച് ഞങ്ങൾക്ക് ഇപ്പോഴും ധാരണയില്ല. ഇതിനെയാണ് നമ്മൾ തലമുറ വിടവ് എന്ന് വിളിക്കുന്നത്. മാതാപിതാക്കളും മുതിർന്നവരും യുവതലമുറയും തമ്മിലുള്ള മാനസിക വിടവ് അല്ലാതെ മറ്റൊന്നുമല്ല.

ജീവിതം, വിജയം, സ്നേഹം മുതലായവയെക്കുറിച്ചുള്ള ആശയങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും രണ്ട് തലമുറകൾക്കിടയിൽ എല്ലായ്പ്പോഴും ഒരു വിള്ളൽ നിലനിന്നിരുന്നു, സാങ്കേതികവിദ്യയ്ക്ക് പ്രത്യേക നന്ദി, അത് ഫലത്തിൽ അതെല്ലാം ജ്വലിപ്പിച്ചു. ലളിതമായി പറഞ്ഞാൽ, ഒരു തലമുറ വിടവ് "നിങ്ങൾക്ക് ഇത് മനസ്സിലാകില്ല" എന്ന 4 വാക്കുകളിൽ വിശദീകരിക്കാം . ഈ വാചകം എല്ലാവരും ഉപയോഗിക്കുന്നു, നാമെല്ലാവരും ഇത് ഞങ്ങളുടെ



മാതാപിതാക്കളോട് പറഞ്ഞിട്ടുണ്ട്, അവർ മാതാപിതാക്കളോട് പോലും ഇത് പറഞ്ഞിട്ടുണ്ട്.

ജനറേഷൻ ഗ്യാപ്പിൻ്റെ കാരണങ്ങൾ എന്തൊക്കെയാണ്? എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്?

പണ്ട് മാതാപിതാക്കൾക്ക് കുട്ടികളുടെ പഠനവും വിവാഹവും മാത്രമായിരുന്നു ഉത്കണ്ഠ. അടിസ്ഥാനപരമായി, അവരുടെ പ്രപഞ്ചത്തിൻ്റെ കേന്ദ്രം അവരുടെ കുട്ടിയായിരുന്നു. എന്നാൽ ഇക്കാലത്ത്, മാതാപിതാക്കൾ വളരെ തിരക്കേറിയ ഷെഡ്യൂളാണ്. അവർക്ക് ഒരിക്കലും അവസാനിക്കാത്ത ഓഫീസ് സമയങ്ങളുണ്ട്, ഒരു വലിയ സോഷ്യൽ സർക്കിളുണ്ട്, മാത്രമല്ല അവർ കൗമാരക്കാരെപ്പോലെ സ്മാർട്ട്ഫോണുകളിലും ഇൻ്റർനെറ്റിലും ഭ്രമിക്കുന്നവരാണെന്ന് പറയേണ്ടതില്ല. ഈ വേനൽക്കാലത്തിൻ്റെ തുടക്കത്തിൽ പുറത്തിറക്കിയ പ്യൂ റിസർച്ച് സെൻ്റർ പഠനമനുസരിച്ച് , 79% പൊതുജനങ്ങളും ഒരു തലമുറ വിടവ് ഉണ്ടെന്ന് വിശ്വസിക്കുന്നു, ഇത് ചോദ്യത്തിൽ വിവരിച്ചിരിക്കുന്നത് "ഇന്നത്തെ ചെറുപ്പക്കാരുടെയും പ്രായമായവരുടെയും കാഴ്ചപ്പാടിൽ കാര്യമായ വ്യത്യാസം" എന്നാണ്. 1979-ലെ അപേക്ഷിച്ച് 20 ശതമാനത്തിലധികം പോയിൻ്റ് കൂടുതലാണിത്, രാജ്യവ്യാപകമായി ഒരു സിബിഎസ്/ന്യൂയോർക്ക് ടൈംസ് വോട്ടെടുപ്പിൽ ഇതേ പ്രശ്നം ചോദിച്ചപ്പോൾ, 1969-ലെ ഗാലപ്പ് വോട്ടെടുപ്പിൽ

തലമുറ വ്യത്യാസം കണ്ടെത്തിയ 74% മുതിർന്നവരേക്കാൾ ഇത് അൽപ്പം കൂടുതലാണ്.

കുട്ടികൾക്ക് സമ്മർദവും ഉത്കണ്ഠയും അനുഭവപ്പെടുമ്പോൾ, അവർക്ക് ചെയ്യാൻ ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ട്. അവരുടെ ഷെഡ്യൂൾ വളരെ നിറഞ്ഞതാണ്, എന്താണ് സംഭവിക്കുന്നതെന്ന് ചിന്തിക്കാൻ അവർക്ക് സമയം കണ്ടെത്താനാകുന്നില്ല. അവർ സ്കൂളിൽ നിന്ന് വീട്ടിലേക്ക് മടങ്ങി , അവരുടെ മറ്റ് ആസൂത്രിത പ്രവർത്തനങ്ങൾക്കും പരിശീലനത്തിനും ഇതിനകം വൈകി. അവർ അവരുടെ വ്യക്തിത്വം മെച്ചപ്പെടുത്തുന്നതായി തോന്നുന്നു, പക്ഷേ മാതാപിതാക്കൾക്ക് മനസ്സിലാകാത്തത്, ആസൂത്രിതമായ നിരവധി പ്രവർത്തനങ്ങൾ കുട്ടിയുടെ മനസ്സിന് ആയാസമുണ്ടാക്കുന്നു, കാരണം അവർ എല്ലാ തലങ്ങളിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും സമ്മർദ്ദം വർദ്ധിക്കുകയും ചെയ്യുന്നു.

- ഈ തലമുറ വിടവിൻ്റെ പ്രധാന കാരണങ്ങളിലൊന്നാണ് സാങ്കേതികവിദ്യ . നമ്മുടെ ലാപ്ടോപ്പുകൾ, സ്മാർട്ട്ഫോണുകൾ,



ടാബ്ലെറ്റുകൾ, ഇൻറർനെറ്റ്, എല്ലാ സോഷ്യൽ മീഡിയ ആപ്പുകളും നമ്മെ അകറ്റി നിർത്തിയിരിക്കുന്നു. ഞങ്ങൾ ശാരീരികമായതിനേക്കാൾ ഡിജിറ്റൽ ലോകത്ത് ജീവിക്കാൻ തുടങ്ങിയിരിക്കുന്നു, ഇപ്പോൾ നമ്മുടെ കുടുംബവുമായി ചിന്തകളും വികാരങ്ങളും പങ്കിടുന്നതിനേക്കാൾ പ്രധാനമാണ് സോഷ്യൽ മീഡിയയിൽ കാര്യങ്ങൾ പങ്കിടുന്നത്. ഭക്ഷണവേളകൾ രസകരമാക്കുന്നതിനുപകരം, സോഷ്യൽ മീഡിയയ്ക്കായി ഭക്ഷണത്തിൻ്റെ സൗന്ദര്യാത്മക ചിത്രങ്ങൾ എന്ന് വിളിക്കപ്പെടുന്നവ ക്ലിക്കുചെയ്യാനോ ചാറ്റുകൾക്കും ഇ-മെയിലുകൾക്കും മറുപടി നൽകാനോ ഞങ്ങൾ ഞങ്ങളുടെ സ്മാർട്ട്ഫോണുകൾ ഉപയോഗിക്കുന്നത് തുടരുന്നു.

- മറ്റൊരു കാരണം , വളർത്തലിലെ വ്യത്യാസമായിരിക്കാം , മാനസിക ചട്ടക്കൂട് പരസ്പരം



വ്യത്യസ്തമാണ്. മനഃശാസ്ത്രപരവും പെരുമാറ്റപരവുമായ പാറ്റേണുകൾ രൂപപ്പെടുന്നത് ഒരാൾ അനുഭവിക്കുന്ന സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ്.

അതിനാൽ, വ്യത്യസ്ത തലമുറകളിലെ ആളുകൾ പരസ്പരം ബന്ധപ്പെടുമ്പോൾ, ആശയങ്ങളിലും അഭിപ്രായങ്ങളിലും വ്യത്യാസം, ആശയവിനിമയ വിടവുകൾ, വൈരുദ്ധ്യങ്ങൾ മുതലായവയിലേക്ക് അവർ പലപ്പോഴും പ്രേരിപ്പിക്കപ്പെടുന്നു.

- ഭൂരിഭാഗം മാതാപിതാക്കളും തങ്ങളുടെ കുട്ടികളെ വളരെയധികം സ്നേഹിക്കുന്നുണ്ടെങ്കിലും അവരുമായി



ആശയവിനിമയം നടത്താനും അവരെ ശ്രദ്ധിക്കാനും കുറച്ച് സമയം ചെലവഴിക്കുന്നു . അവരുടെ തിരക്കേറിയ ഷെഡ്യൂൾ, കനത്ത ജോലിഭാരം, ജോലിസ്ഥലത്ത് നേരിടുന്ന സമ്മർദ്ദം എന്നിവയാണ് ഇതിന് കാരണം. ജോലിയും കുടുംബവും തമ്മിലുള്ള സന്തുലിതാവസ്ഥ നിലനിർത്താൻ അവർ വളരെയധികം സമ്മർദ്ദത്തിലാണ്, കുട്ടികൾ അവരുടെ സ്കൂൾ ജീവിതമോ മറ്റ് ദൈനംദിന സംഭവങ്ങളോ മാതാപിതാക്കളുമായി പങ്കിടുന്നില്ല. ധാരണയിലെ ഈ തലമുറ വ്യത്യാസങ്ങൾ വാർദ്ധക്യത്തെക്കുറിച്ചുള്ള ഏറ്റവും അടിസ്ഥാനപരമായ ചോദ്യത്തിലേക്ക്

വ്യാപിക്കുന്നു: അത് എപ്പോഴാണ് ആരംഭിക്കുന്നത്? സർവേയിൽ പങ്കെടുത്തവരുടെ അഭിപ്രായത്തിൽ , 18 മുതൽ 29 വരെ പ്രായമുള്ളവർ, സാധാരണ വ്യക്തിക്ക് 60 വയസ്സ് പ്രായമാകും. മധ്യവയസ്കരായവർ 70-നോടടുത്താണ് പരിധി സ്ഥാപിക്കുന്നത്, അതേസമയം 65-ഉം അതിൽ കൂടുതലുമുള്ളവർ ശരാശരി 74 വയസ്സ് വരെ പ്രായമാകില്ലെന്ന് വിശ്വസിക്കുന്നു. അടിസ്ഥാനപരമായി, മാതാപിതാക്കൾ ഉപജീവനത്തിനായി വലിയ ത്യാഗങ്ങൾ ചെയ്യുന്നു. നേരെമറിച്ച്, അവരുടെ കുട്ടികൾ അവഗണിക്കപ്പെടുന്നു. കുട്ടികൾ എന്താണ് ചിന്തിക്കുന്നതെന്ന് മാതാപിതാക്കൾക്ക് അറിയില്ലായിരിക്കാം, ഇത് അവർക്കിടയിൽ ആശയവിനിമയ വിടവിലേക്ക് നയിക്കുന്നു.

- കുട്ടികളുടെ ഹോബികളിലും താൽപ്പര്യങ്ങളിലും ശ്രദ്ധ ചെലുത്തുന്നതിനുപകരം സ്കൂളിലെ അവരുടെ അക്കാദമിക് പ്രകടനത്തെക്കുറിച്ച് മാതാപിതാക്കൾക്ക് ധാരാളം ആശങ്കകളുണ്ട്. അതിനാൽ, ചില പ്രവർത്തനങ്ങളും അവർ വായിക്കുന്ന പുസ്തകങ്ങളും തിരഞ്ഞെടുക്കുന്നതിൽ കുട്ടികൾക്ക് പൂർണ്ണ സ്വാതന്ത്ര്യമില്ലായിരിക്കാം. തങ്ങൾ പക്ഷികളെപ്പോലെ കൂട്ടിലടച്ചിരിക്കുകയാണെന്ന് അവർക്ക് തോന്നിയേക്കാം, തൽഫലമായി, കുട്ടികൾക്ക്

അവരുടെ മാതാപിതാക്കളുമായി ബന്ധം കുറഞ്ഞതായി തോന്നുന്നു.

കുടുംബത്തിലെ തലമുറ വിടവ് നികത്താൻ നിങ്ങൾക്ക് എങ്ങനെ കഴിയും?


അപ്പോൾ ടിവി ഇല്ലാത്തവരും ബ്ലാക്ക് ആൻഡ് വൈറ്റ് ടിവി കണ്ടവരും സ്മാർട്ട്ഫോണിൽ ടിവി കാണുന്നവരുമായി എങ്ങനെ ബന്ധപ്പെടും?

പരസ്പരം ശാസിക്കുകയും നിന്ദിക്കുകയും, ബന്ധങ്ങൾ നശിപ്പിക്കുകയും, സംഘർഷങ്ങൾ സൃഷ്ടിക്കുകയും, അകൽച്ച വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുപകരം ഓരോരുത്തരിലും ഉള്ള നന്മ കാണുകയും പരസ്പരം പഠിക്കാൻ തുടങ്ങുകയും ചെയ്യുക എന്നതാണ് പ്രധാനം.

കുടുംബത്തിലെ തലമുറ വിടവ് നികത്തുക



# ഡിജിറ്റൽ പെയിന്റിങ്ങുകൾ





***ഹയ വി.എൻ***

***IX A***



**മുഹമ്മദ് ഇഹ്സാൻ IX C**




**ജോഹാൻ ടി ബാബു IX B**



**വിഷ്ണു എ. സ്      IX B**



**ശ്രീലക്ഷ്മി      IX C**


Happy
Retirement
WISHING YOU A LONG HAPPY AND
HEALTHY RETIREMENT DEAR
SINDHU TEACHER
Little Flower High School
Panayikulam

# സ്കൂൾ ഉത്സവങ്ങൾ



# <u>സ്ക്കൂൾ നേട്ടങ്ങൾ</u>


Congratulations
നാടൻപാട്ടിൽ
STATE LEVEL
A ഗ്രേഡ് ജേതാക്കൾ
LITTLE FLOWER HIGH SCHOOL,
PANAYIKULAM




MUHAMMED BILAL
MUHAMMED MISBAH P J
MUHAMMED JASIM P M
AHAMMED M MUHAMMED
AVIN
ASHIYAN RAJU
ANEETA VS
Congratulations